..6. SEP. 1935
MADRAS

# ലക്ഷ്മീഭായി

| പുസ്തകം ൩൧ | ൧൧൧൦ കർക്കടകം | ലക്കം ൪ |
|---|---|---|

## മംഗളം

ലക്ഷ്മീശൻ സർവ്വവർണ്ണങ്ങളെയുമുടലിൽനിന്നുത്ഭവിപ്പിച്ച ദേവൻ
രക്ഷസ്ഥായ്യന്നെ ദീക്ഷിച്ചുവരുമൊരു കൃപാംഭോധി പത്രീന്ദ്രപത്രൻ
അക്ഷീണാനേകവർണ്ണാവലിപരിവിലസൽപത്രവൃന്ദം പെട്ടന്നീ-
'ലക്ഷ്മീഭായി'ക്കു വേണ്ടും നിഖിലഗുണകലാപൂർത്തിയെച്ചേർത്തിടട്ടെ.

കവിസാർവ്വഭൌമൻ കൊ. കൊച്ചുണ്ണിത്തമ്പുരാൻ.

## ശ്രീമതി

### കെ. കെ. ദാക്ഷായിണി അമ്മ ബി. എ.

അമ്മ എന്ന ശബ്ദം സ്ത്രീകളുടെ പേരുകൾക്കവസാനം ചേർക്കുന്നതു സർവ്വസാധാരണമായിരിക്കുന്നു. അതിനുള്ള കാരണം ആ പേരിന്റെ മാഹാത്മ്യം തന്നെയാണ്. അവസ്ഥ കൂട്ടിക്കാണിക്കാൻവേണ്ടി ഈ ശബ്ദം ഇരട്ടിച്ചും ചേർക്കാറുണ്ട്. നൈത്യാരമ്മ, അമ്മച്ചി എന്നീ പദങ്ങളെ പരിശോധിച്ചാൽ ഇതിന്റെ യാഥാർത്ഥ്യം അറിയാവുന്നതാണ്. മലയാളത്തിലെ ഉൽകൃഷ്ടജാതിയായി ഗണിക്കപ്പെട്ടുപോരുന്ന നമ്പൂരിമാരുടെ ആചാ

രാദികളിൽ മിക്കവയും അനുഷ്ഠിച്ചുപോരുന്നവരാണ് പുലയർ, പറയർ, വേട്ടുവർ മുതലായ ആദിദ്രാവിഡവർഗ്ഗത്തിൽപ്പെട്ടവരെന്ന സംഗതി അധികമാളുകളും ധരിച്ചിട്ടുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ആ ഉത്തമജാതിയിൽ പുലയവംശത്തിന്നലങ്കാരഭൂതയായ പ്രകൃതചരിത്രനായികയുടെ നാമത്തിൻെറ അവസാനത്തിൽ അമ്മ എന്നു ചേർക്കുന്നതിൽ യാതൊരു അനൌചിത്യവും ഇല്ലെന്നാണ് തോന്നുന്നത്. അതിനാലും സ്ത്രീകളുടെ ഹൃദയം ശുദ്ധമാകുമ്പോൾ തെളിഞ്ഞുവരുന്ന ഭാവം മാതൃഭാവമാണ്. സകല സ്ത്രീകളിലും അമ്മ അധിവസിക്കുന്നുണ്ട്. ഇതിനാലും ഈ ചരിത്രനായികയെ ദാക്ഷായിണി അമ്മ എന്നുതന്നെയാണ് വിളിക്കേണ്ടത്.

കൊച്ചികണയന്നൂർതാലൂക്ക് മുളവുകാട്ട വില്ലേജ് മുളവുകാട്ട ദേശത്തു കല്ലച്ചംമുറി വീട്ടിൽ കുഞ്ഞനുണ്ടായ അഞ്ചു സന്താനങ്ങളിൽ നാലാമത്തേതാണ് ദാക്ഷായിണി. പുലയവർഗ്ഗത്തിൽ മക്കത്തായവും മരുമക്കത്തായവും ഉള്ളതിൽ രണ്ടാമത്തേതിലാണ് ഈ ബാലിക ഉൾപ്പെട്ടിരിക്കുന്നത്. അതിനാൽ പിതൃലാളനാദ്യഖില സുഖങ്ങളും അനുഭവിക്കുന്നതിന്ന് ഈ ശിശുവിന്നു ലേശവും ക്ലേശം ഉണ്ടായില്ല.

൧൦൯൯ മിഥുനമാസം ൨൩-ാം൹ ചതയം നക്ഷത്രം കൊണ്ടാണ് ദാക്ഷായിണി ഭൂലോകജാതയായത്. കുട്ടിയുടെ ജനനസമയം അറിഞ്ഞു ദ്രാവിഡവർഗ്ഗത്തിൽപ്പെട്ട ജ്യോതിശ്ശാസ്ത്രജ്ഞന്മാരും മററു പലരും കുട്ടിക്കു 'നിപുണ'യോഗമുണ്ടെന്നും അവളെ നല്ലവണ്ണം പഠിപ്പിക്കണമെന്നും പറകയുണ്ടായിട്ടുണ്ട്. ആ വാക്കുകളുടെ വില അറിയുന്നത് ഇന്നാണല്ലോ. 'പടിക്കലെ' അനുവാദംകൂടാതെ പുലയർ, വേട്ടുവർ മുതലായവർക്കു യാതൊ

ന്നും ചെയ്യാൻ പാടില്ല. എന്നാൽ ഈ കല്ലച്ചുംമുറി വീട്ടുകാർ പുരാതനകാലം മുതല്ക്കേ സ്വതന്ത്രരായിരുന്നതിനാൽ മാടം മാററി വീടാക്കുന്നതിന്നോ കാലക്കട മാററി ശീലക്കടയാക്കുന്നതിന്നോ വിദ്യാഭ്യാസം ചെയ്യുന്നതിന്നോ മററൊ അവക്ക് ആരുടേയും അനുവാദം ആവശ്യമായിരുന്നില്ല. അത്രമാത്രമല്ല വളരേക്കാലം മുമ്പുതന്നെ ഈ മഹനീയകുടുംബത്തിലേക്കു, കരുണാനിധിയും പ്രജാവത്സലനുമായ കൊച്ചിമഹാരാജാവു തിരുമനസ്സുകൊണ്ട് 'ഐക്കരെക്കുറുപ്പ്' 'ദാമനക്കുറുപ്പ്' എന്നീ സ്ഥാനങ്ങൾ കല്പിച്ചുകൊടുത്തിട്ടുള്ളതിൻെറ തത്വം വായനക്കാർ വിശിഷ്യ ആലോചിച്ചുനോക്കേണ്ടതാകുന്നു. സ്ഥാനമാനങ്ങൾക്കു കാലാന്തരത്തിൽ ശൈഥില്യം സംഭവിച്ചുവരുന്ന സമ്പ്രദായം ഈ കുടുംബത്തെ അദ്യാപി സ്പർശിച്ചിട്ടില്ലെന്നു പ്രസ്താവിക്കുന്നതിൽ അപാരമായ സന്തോഷം ഉൽഭൂതമാകുന്നുണ്ട്.

'പിടിയാന പെറും കുട്ടി
കടിയ! കിടിയാകുമോ?'

എന്നു പണ്ടൊരു കവി പാടിയപോലെ മാതാപിതാക്കൾക്കും സഹോദരീസഹോദരന്മാൎക്കും വിദ്യാഭ്യാസലേശമെങ്കിലും ഉണ്ടെങ്കിൽ അതിൻെറ പ്രതിഫലനം മററുള്ള കൂടപ്പിറപ്പുകളിലും കാണാതിരിക്കാൻ പ്രയാസമാണ്. പിതാവു നാട്ടെഴുത്തു പള്ളിക്കൂടത്തിലെ ഒരു അദ്ധ്യാപകനായിരുന്നതിനാൽ മക്കളെയെല്ലാം യഥാകാലം വിദ്യാഭ്യാസം ചെയ്യിച്ചിട്ടുണ്ട്.

'എല്ലാം തികച്ചിട്ടൊരു വസ്തുപോലും
തണ്ടാർമകൻ ഹന്ത! ചമച്ചതുണ്ടോ?'

എന്ന ആപ്തവാക്യത്തെ അനൎത്ഥമാക്കുന്നതിന്നായിരിക്കാം ഈ കഥാനായികയ്ക്കു വളരെക്കാലം പിതൃലാളന

സുഖം അനുഭവിക്കാൻ ഇടയാകാഞ്ഞത്. എങ്കിലും മാതാവിൻെറയും സഹോദരങ്ങളുടേയും സഹായത്താലും സഹകരണത്താലും അച്ഛൻെറ അഭാവക്ലേശം ഈ കുട്ടിക്കനുഭവിക്കേണ്ടിവന്നില്ല. ഗ്രഹങ്ങളനുകൂലങ്ങളായാൽ പിന്നെ അരിഷ്ടമൊന്നും അനുഭവിക്കാൻ അവകാശമില്ലല്ലോ.

വിദ്യാഭ്യാസത്തിന്നു 'നമസ്തേ' എന്നു കൊണ്ടാക്കിയതു മുളവുകാട്ടു പ്രാഥമികവിദ്യാലയത്തിലാണ്. ഈ സഹായധനപാഠശാല അക്കാലത്ത് ഒരുവിധം നല്ലവണ്ണം നടത്തപ്പെട്ടുപോന്നിരുന്നു. ആദിദ്രാവിഡരുടെ വിദ്യാഭ്യാസത്തിൽ അസൂയയുള്ള ചില പഴമക്കാർ ആ നാട്ടിൽ അങ്ങുമിങ്ങുമുണ്ടായിരുന്നില്ലെന്നു പറഞ്ഞുകൂടാ. ഈശ്വരാധീനത്താൽ ആവക പ്രതിബന്ധങ്ങളൊന്നും ഈ ചരിത്രനായികയുടെ പഠിപ്പിന്നു പ്രതിബന്ധമായിത്തീന്നിട്ടില്ല. ദാക്ഷായിണീദേവിയുടെ പ്രസാദത്താൽ ബാലികയായ ഈ ദാക്ഷായിണിയും വിദ്യാഭ്യാസത്തിൽ അഭിവൃദ്ധി പ്രാപിച്ചു പോരികയും പ്രാഥമികവിദ്യാഭ്യാസം ഒരുവിധം പരിപൂർത്തിയാക്കുകയും ചെയ്തു.

ഇംഗ്ലീഷുവിദ്യാഭ്യാസത്തിന്നു സ്വദേശം വിടാതെ നിവൃത്തിയില്ലാത്തതിനാൽ സൌകയ്യത്തെ മാത്രം പുരസ്കരിച്ച് എറണാകുളത്തിന്നടുത്തുള്ള 'ചാത്യാത്ത്'കന്യകാപാഠശാലയിൽ ഈ കുട്ടിയെ കൊണ്ടുപോയി ചേൎത്തു. ധന്യമാരായ കന്യകമാരുടെ സാഹചയ്യത്താലും സാരോപദേശങ്ങളാലും ആ പാഠശാലയിലെ പഠിപ്പു ശ്രമക്ലേശമായി പരിണമിച്ചില്ലെന്നാണ് ഈ വിദ്യാൎത്ഥിനി പറയാറുള്ളത്. ആദിദ്രാവിഡൎക്കു കൊച്ചീസൎക്കാരിൽനിന്നു വേതനം കൊടുത്തുവന്നതുമുതൽ ലോവർ സെക്കണ്ടറിക്ലാസ്സിൽ രണ്ടുറുപ്പിക ഈ ബാലികക്കു ലഭി

ച്ചിരുന്നു. കരുണയേറിയ സക്കാരിന്റെ ഉചിതമായ സഹായത്താൽ പഠിപ്പു തുടരുന്നതിന്നു രക്ഷാകത്താക്കൾക്കും ഉത്സാഹം ജനിച്ചു. ലോവർസെക്കണ്ടറി കടവും കടന്നുകൂടി. പിന്നെ സ്കൂൾഫൈനൽക്ലാസ്സിൽ ചേൎന്നു. സക്കാരിൽനിന്നു രണ്ടരത്തൊന്നുറുപ്പിക വേതനം കിട്ടിയിരുന്നു. അതിന്നു പുറമേ ശൌൎയ്യവീൎയ്യപരാക്രമിയായ പള്ളിയിൽ ഗോപാലമേനോൻ അവർകൾ ആദിദ്രാവിഡരുടെ അദ്ധ്യേതാക്കൾക്കു കൊടുക്കാൻ ഏൎപ്പാടു ചെയ്തിരുന്ന സഹായധനവും സിദ്ധിച്ചിരുന്നു. ൧൯൩൧-ൽ മുക്കാലും മുറിയുമൊന്നുംകൂടാതെ സ്കൂൾഫൈനൽ പരീക്ഷാകടവും തരണം ചെയ്തു.

എറണാകുളം മഹാരാജാസ് കോളെജിൽ ഇൻഡർമീഡിയേററ് ക്ലാസ്സിൽ പ്രവേശനം സിദ്ധിച്ചു. പ്രൊഫസ്സർമാരുടെ ഭരണവൈശിഷ്ട്യത്താലും കാരുണ്യത്താലും അനിതരസാധാരണയായ ഈ വിദ്യാൎത്ഥിനിക്കു വിദ്യാൎത്ഥികളിൽനിന്നു യാതൊരു ശല്യവും നേരിടുകയുണ്ടായിട്ടില്ലെന്ന സംഗതി ഇവിടെ വക്തവ്യമാണ്. പത്തുറുപ്പിക സ്റ്റൈപ്പണ്ടും ആറുറുപ്പിക സ്കോളർഷിപ്പും കൂടി പതിനാറുറുപ്പിക പ്രതിമാസം ലഭിച്ചുകൊണ്ടിരുന്നതിനാൽ ഈ വിദ്യാൎത്ഥിനിക്കു പറയത്തക്ക ബുദ്ധിമുട്ടുകളോടൊന്നും നേരിടേണ്ടിവന്നില്ല.

എറണാകുളം കലാമന്ദിരത്തിലെ കലാശക്കൊട്ടായി. ബി. എ.ക്കു ഐച്ഛികവിഷയം കെമിസ്റ്ററിയായിരുന്നു. ദ്രാവിഡവൎഗ്ഗക്കാൎക്കു സക്കാരിൽനിന്നനുവദിച്ചിട്ടുള്ള വേതനം പത്തുറുപ്പികയല്ലാതെ മററു യാതൊരുവക സഹായവും പൊതുജനങ്ങളിൽനിന്നോ പുലയസമാജങ്ങളിൽനിന്നോ ഉണ്ടായിട്ടില്ലെന്നറിയുന്നതു പരമാൎത്ഥമാണെങ്കിൽ പരിതാപകരംതന്നെ. തലപ്പു പൊട്ടാതെ

സൽഫലം കരസ്ഥമാക്കിയ ഈ വിദ്യാൎത്ഥിനിയുടെ പഠിപ്പിലുള്ള നിഷ്കൎഷയുംകൂടപ്പിറപ്പുകളുടെ ഒത്തൊരുമിച്ചുള്ള സഹായവും പ്രോത്സാഹനവും മൂലമാണ് ൧൯൩൮-ൽ ശ്രീമതി കെ. കെ. ദാക്ഷായിണി അമ്മ ബി. എ. പരീക്ഷയിൽ രണ്ടാംക്ലാസ്സിൽ വിജയിനിയായതെന്ന വിവരം ഇവിടെ സന്തോഷപൂൎവ്വം പ്രസ്താവിച്ചുകൊള്ളുന്നു.

കരുണാൎദ്രചിത്തനായ വിദ്യാഭ്യാസമേലദ്ധ്യക്ഷൻ ഈ വിദുഷിയെ ൧൧൧൧ മിഥുനമാസം ൨൧-ാംനു ഒരു അദ്ധ്യാപികയായി നിയമിച്ചതും സമുചിതം തന്നെ.

'കൊച്ചി പുലയമഹാജനസഭ'യിൽനിന്ന് ഇവൎക്കു സമൎപ്പിച്ച മംഗളപത്രത്തിൻെറ നേർപകൎപ്പു താഴെ ചേൎക്കുന്നു:—

## മംഗളപത്രം

കൊച്ചി പുലയമഹാജനസഭയിൽനിന്നു
ശ്രീമതി കെ. കെ. ദാക്ഷായിണി ബി. എ. അവർകൾക്കു
സാദരം സമൎപ്പിക്കുന്നത്.

മാന്യമഹതി!

കേരളത്തിൽ പുലയസമുദായത്തിൽനിന്ന് ഇദം പ്രഥമമായി ആംഗ്ലേയഭാഷ അഭ്യസിച്ചു ബി. എ. എന്ന ഉന്നത ബിരുദ സമ്പാദിച്ച ഭവതിക്ക് ഈ മംഗളപത്രം സമൎപ്പിക്കുന്നതിൽ ഞങ്ങൾക്കുള്ള അഭിമാനവും സന്തോഷവും ഇത്രയെന്നു വിവരിക്കാൻ ഞങ്ങൾക്കു സാദ്ധ്യമല്ല. ഭവതിയുടെ കുടുംബം പൂൎവ്വീകത്വംകൊണ്ടും വിദ്യാസമ്പന്നതകൊണ്ടും മഹിമകൊണ്ടും പുലയസമുദായത്തിന്ന് ഒരു ആഭരണമായി പ്രശോഭിക്കുന്നതാണെന്നു സുവിദിതമാണല്ലൊ. ആ പ്രഖ്യാതകുടുംബത്തിന്ന് 'ഐക്കരക്കുറുപ്പ്' എന്ന സ്ഥാനം കൊച്ചിമഹാരാജാവുതിരുമനസ്സിൽനിന്ന് എത്രയോ പ്രാചീനകാലത്തു പരമ്പര

യായി നിദ്ധരിച്ചതും നമ്മുടെ സമുദായത്തിന്റെ നേതൃത്വം ലഭിച്ചതും പ്രസ്തുതകുടുംബത്തോടു കൊച്ചീഭരണകത്താക്കന്മാക്കുള്ള പ്രതിപത്തിയും വാത്സല്യവുംമൂലമാണെന്നു പ്രസ്താവിക്കേണ്ടതില്ലല്ലൊ. ഭവതിയുടെ ആ പ്രാചീനകുടുംബത്തിൽ സംസ്കൃതഭാഷാഭ്യസ്തരും ആയുവ്വേദപണ്ഡിതന്മാരും പരമ്പരയായി ഉണ്ടാകയുണ്ടായിട്ടുണ്ടെങ്കിലും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ ഉന്നതബിരുദ്ദ പ്രഥമമായി സമ്പാദിച്ചതു ഭവതിയാണല്ലൊ. ഭവതിയുടെ ഈ വിജയം സ്വകുടുംബത്തിനു സുവണ്ണത്തിൽ രത്നഘടനപോലെയും സമുദായത്തിന്ന് അഭിമാനജനകവും ആയിത്തീന്നിട്ടുണ്ട്. ഭവതിയുടെ ഈ വിജയത്തിൽ ആഹ്ളാദിക്കുന്നതോടുകൂടി അതിനു സൌകയ്യപ്പെടുത്തിയ കൊച്ചീഗവമ്മേണ്ടിന്റെ മഹൌദായ്യത്തെ അഭിനന്ദിക്കുകയും ഭവതിക്കു ഭാവിയിൽ സവ്വവിജയങ്ങളും ആയുരാരോഗ്യവും ആശംസിക്കയും ചെയ്തു് ഈ മംഗളപത്രം ഭവതിക്കു സ്നേഹാദരങ്ങളോടെ സമപ്പിച്ചുകൊള്ളുന്നു.

| | |
|---|---|
| എറണാകുളം, | എന്നു്, |
| ൧൯—൧൦—൧൧൦. | കൊച്ചി പുലയമഹാജനസഭാംഗങ്ങൾ. |

---

## പൌരാണികസാഹിത്യത്തിലെ
## നായകന്മാരും പ്രതിനായകന്മാരും

ലോകത്തിൽ മനുഷ്യരുടെ പ്രവൃത്തികളെ, ചെയ്യുവാൻ യോഗ്യമായതു്, അങ്ങിനെയല്ലാത്തതു്, എന്നു രണ്ടുവിധം വിഭജിക്കാം. ഇവയിൽ ആദ്യത്തെയിനത്തിലുള്ള പ്രവൃത്തികൾക്കു ധമ്മം അല്ലെങ്കിൽ കൃത്യമെന്നും

മററവയ്ക്കു് അധൎമ്മം അല്ലെങ്കിൽ അകൃത്യമെന്നും പേർ പറയുന്നു. ഏതു, ശാസ്ത്രത്താൽ വിഹിതം; ഏതിന്റെ അനുഷ്ഠാനം തൽകൎത്താവിനും ലോകത്തിനും ക്ഷേമകരം; അതു ധൎമ്മം. ഏതു നിഷിദ്ധം; ഏതിന്റെ പ്രവൎത്തനം തനിക്കും ലോകത്തിനും നാശകരം; അതു് അധൎമ്മം. ഇതാണു് ഇവയുടെ സൂക്ഷ്മമായ നിൎവ്വചനം. ഈ ധൎമ്മാധൎമ്മങ്ങളുടെ പൂൎണ്ണമായ സ്വഭാവം ശാസ്ത്രത്തിൽ നിന്നും കാവ്യത്തിൽനിന്നും ഗ്രഹിക്കുവാൻ കഴിയും.

ശാസ്ത്രവും കാവ്യവും ചെയ്യുന്ന കൃത്യാകൃത്യോപദേശത്തിന്റെ സ്വഭാവത്തിനു വ്യത്യാസമുണ്ടു്. 'ഇതു ചെയ്യണം; അതു ചെയ്യരുതു്' എന്നു ഗംഭീരനായ ഒരു പ്രഭുവിനെപ്പോലെ ശാസ്ത്രം ശാസിക്കുന്നു. കഥാപുരുഷന്മാരുടെ ത്രിവിധവ്യാപാരങ്ങളിൽക്കൂടി, ധൎമ്മാധൎമ്മസ്വരൂപം വിശദമായി പകൎത്തിക്കാണിച്ചുതന്നു്, ആത്മസംസ്കാരം ജനിപ്പിച്ചു നമ്മെ സ്വയമേവ ധൎമ്മനിരതന്മാരും അധൎമ്മവിമുഖന്മാരുമാക്കുകയാണു് കാവ്യം ചെയ്യുന്നതു്. ആക്കും ശാസ്ത്രങ്ങളുടെ മുമ്പിൽ തോന്നുന്ന ഭയവും ഭക്തിയും കാവ്യങ്ങളോടു സമീപിക്കുമ്പോഠം രസവും ആഹ്ളാദവുമായി മാറുന്നു. ശാസ്ത്രത്തെപ്പോലെ കാവ്യം 'ഇതു കൃത്യം; ഇതു് അകൃത്യം' എന്നു വിളിച്ചു പറഞ്ഞു, ശാസിക്കുന്നില്ല. എന്നാൽ നാം തനിയേ കാവ്യത്തിന്റെ ഹൃദയം അറിഞ്ഞു് ആനന്ദത്തോടുകൂടി പെരുമാറുന്നു. ഇതാണു് ശാസ്ത്രത്തിനും കാവ്യത്തിനുമുള്ള സ്വഭാവത്തിന്റെ വ്യത്യാസം.

ഈ സന്ദൎഭത്തിൽ ധൎമ്മത്തിന്റേയും അധൎമ്മത്തിന്റേയും സ്വരൂപത്തെപ്പററി അല്പം വിശാലമായി വിചാരിക്കേണ്ടതാവശ്യമാകുന്നു. പ്രകൃതത്തിൽ ഗീത പതിനാറാമദ്ധ്യായത്തിൽ ഭഗവാൻ ചെയ്യുന്ന ഗംഭീരമായ

ഉപദേശത്തിലേക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിക്കുന്നതു പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

അഭയം സത്വശുദ്ധി ജ്ഞാനം ദാനം ദമം യജ്ഞം തപസ്സ് സ്വാദ്ധ്യായം ആൎജ്ജവം അഹിംസ അക്രോധം ശാന്തി ത്യാഗം ദയ ക്ഷമ തേജസ്സ് ശൌചം അനതിമാനിത്വം എന്നിവ ദൈവിയായിരിക്കുന്ന സമ്പത്താണെന്നു ഭഗവാൻ അരുളിച്ചെയ്യുന്നു. ഇവ ഓരോന്നും ആരും സ്വീകരിക്കേണ്ട വിശിഷ്ടഗുണമാകുന്നു. വിശാലമായ അൎത്ഥത്തിൽ ഈ ഗുണങ്ങളുടെ സമൂഹത്തെ ധൎമ്മമെന്നു പറയാം. മനുഷ്യർ ഈ ഗുണങ്ങളുടെ അനുഷ്ഠാനംകൊണ്ടു സൎവ്വവിധമായ മാലിന്യങ്ങളിൽനിന്നും—എന്തിന് ഉഗ്രമായ സംസാരബന്ധത്തിൽനിന്നുകൂടി—മുക്തന്മാരായി പരമോൽകൃഷ്ടപദത്തെ പ്രാപിക്കുന്നു. ഈ ഗുണങ്ങൾ മനുഷ്യരെ അവരുടെ താഴ്ന്നനിലയിൽനിന്നു ദേവത്വത്തിലേക്ക് ഉയൎത്തുന്നു. ഇവയുടെ അനുഷ്ഠാനംകൂടാതെ ആൎക്കും ഉന്നതി ലഭിക്കുന്നതല്ല. ഈ സമ്പത്തോടുകൂടിയവർ ദേവന്മാർ അല്ലെങ്കിൽ തത്തുല്യന്മാർ ആകുന്നു. അതുകൊണ്ടാണ് ഭഗവാൻ ഈ സമ്പത്തിനെ ദൈവിയെന്ന് അരുളിച്ചെയ്യുന്നതെന്നു വിചാരിക്കാം. മുമ്പു പറഞ്ഞ ഗുണങ്ങൾക്കു നേരേ വിപരീതങ്ങളായ ദോഷങ്ങളാകുന്നു ദംഭം ദൎപ്പം അഭിമാനം കോപം പാരുഷ്യം അജ്ഞാനം മുതലായവ. ഗീത, ഇവയെ ആസുരിയായ സമ്പത്തായി ഗണിച്ചിരിക്കുന്നു. ദൈവിയായ സമ്പത്ത് എങ്ങിനെ മനുഷ്യരെ ദേവന്മാരാക്കി ഉയൎത്തുന്നുവോ അതുപോലെ ഈ ആസുരിയായ സമ്പത്ത് അവരെ അസുരന്മാരാക്കി അധപ്പതിപ്പിച്ചു

നരകത്തിൽകൊണ്ടേ തള്ളുന്നു. ഇവൎക്കു സംസാരബന്ധത്തിൽനിന്നു് ഒരിക്കലും മുക്തി കിട്ടുന്നില്ല.

ദംഭാദിദോഷത്തോടുകൂടിയവരുടെ സ്വഭാവത്തെ ഗീതയിൽ ഭഗവാൻ വിസ്തരിച്ചു പറയുന്നുണ്ടു്. ഇത്തരക്കാൎക്കു പ്രവൃത്തിനിവൃത്തിമാൎഗ്ഗങ്ങളെപ്പററി വേണ്ട ജ്ഞാനം സംഭവിക്കുന്നില്ല. ശൌചം ആചാരം സത്യം മുതലായ ഗുണങ്ങളും കുറവുതന്നെ. ഇവർ അനാത്മവാദികളായ നാസ്തികന്മാരാകുന്നു. ക്രൂരകൎമ്മംകൊണ്ടു ലോകത്തെ പീഡിപ്പിക്കുകയാണു് ഇവരുടെ തൊഴിൽ. ദംഭം മാനം മദം കാമം ക്രോധം അശുചി വ്രതം എന്നിവയിൽ ഇവർ തൽപരന്മാരായിരിക്കും. ഞാൻ ബലവാൻ, ഞാൻ ഈശ്വരൻ, ഞാൻ സുഖി, ഞാൻ ആഢ്യൻ, എനിക്കു തുല്യനാർ എന്നൊക്കെയാണു് ഇവരുടെ വിചാരം. ഇവരുടെ ശൌൎയ്യം വീൎയ്യം തപസ്സു ഭക്തി മുതലായ ഗുണങ്ങളെല്ലാം ലോകത്തിനും ഒടുവിൽ ഇവൎക്കുംതന്നെ ഹാനികരമായി ഭവിക്കുന്നു. രജസ്തമോജനിതങ്ങളായ സൎവ്വദോഷങ്ങളും ഇവൎക്കുണ്ടെന്നു മാത്രമേ ചുരുക്കത്തിൽ പറയുവാനുള്ളു. ഇതാണു് ഗീതയിൽ ചെയ്തിരിക്കുന്ന ഉപദേശത്തിൻെറ സാരം. വിസ്തൃതമായ അൎത്ഥത്തിൽ മുമ്പു പറഞ്ഞ ദോഷങ്ങളുടേയെല്ലാം സമൂഹത്തിന്നു് അധൎമ്മം എന്നു പേർ പറയാം.

ഇതാണു് ഒരു ഭാരതീയൻെറ ദൃഷ്ടിയിൽ കാണുന്ന ധൎമ്മാധൎമ്മങ്ങളുടെ രൂപം. ഇത്രയും പ്രസ്താവിച്ച ഭാഗം ഉപരി ചെയ്യുന്ന വിമൎശനത്തിൻെറ അടിത്തറയായി ഗണിക്കേണ്ടതാണെന്നുകൂടി ഇവിടെ പറഞ്ഞുകൊള്ളട്ടെ.

പൌരാണികസാഹിത്യത്തിൽ കാണുന്ന പ്രസിദ്ധന്മാരായ നായകന്മാരെല്ലാം മുമ്പു പറഞ്ഞ ഗുണങ്ങളെക്കൊണ്ടും പ്രതിനായകന്മാർ ദോഷങ്ങളെക്കൊണ്ടും ക

ല്പിതന്മാരാകുന്നു. പ്രായേണ സാത്വികന്മാരായ ദേവന്മാർ നായകന്മാരും രജസ്തമസ്സമ്പന്നന്മാരായ രാക്ഷസാദികൾ പ്രതിനായകന്മാരുമായിരിക്കും. ഈ അഭിപ്രായം മറെറാരുവിധം പറയാം. ലോകത്തിൽ സത്യം ദമം തപസ്സ സത്വം ജ്ഞാനം ദയ മുതലായ ഗുണങ്ങളോടുകൂടിയ ജനങ്ങളുണ്ടായിരിക്കുമല്ലോ. ഇവരെ ശിഷ്ടന്മാർ, സജ്ജനങ്ങൾ എന്നെല്ലാം പേർ വിളിക്കുന്നു. ഇവരുടെയിടയിൽ ഈവക ഗുണങ്ങൾ പരമമായ ഉൽകർഷത്തെ പ്രാപിച്ച് ആത്മശക്തി നേടി അധർമ്മങ്ങളെ അകററി ലോകത്തിൽ ധർമ്മപ്രതിഷ്ഠചെയ്തു ശാശ്വതക്ഷേമം ജനിപ്പിച്ച സ്മരണീയന്മാരായിരിക്കുന്ന ചില മഹാപുരുഷന്മാർ ചിലപ്പോൾ ജനിക്കും. ഇവരെയാണ് പുരാണസാഹിത്യത്തിൽ നായകന്മാരായി കല്പിച്ചിരിക്കുന്നത്. ഇവരുടെ പ്രവൃത്തികൾ അനുകർത്താക്കന്മാർക്ക് ശ്രേയസ്കരമാണെന്നുപദേശിച്ച പഠിപ്പിക്കുകയാണ് ഇങ്ങിനെ ചെയ്യുന്നതിന്റെ ഉദ്ദേശ്യം. സത്തുക്കളെപ്പോലെ അസത്തുക്കളും ലോകത്തിലുണ്ടായിരിക്കും. അസത്യം അധർമ്മം ഹിംസ മുതലായവ അസജ്ജനങ്ങളുടെ പ്രധാനദോഷങ്ങളാകുന്നു. ഈവക ദുർഗ്ഗുണങ്ങൾ അമിതമായി വർദ്ധിച്ച പാപകർമ്മങ്ങളുടെ അങ്ങേയററത്തെത്തിയിരിക്കുന്ന ചില മഹാഖലന്മാർ ചിലപ്പോളുണ്ടായി ലോകത്തെ ദ്രോഹിക്കുന്നതു സാധാരണമാണ്. ഇത്തരക്കാരാകുന്നു പൌരാണികന്മാരുടെ പ്രതിനായകന്മാർ. അതുകൊണ്ടു പൌരാണികസാഹിത്യത്തെസംബന്ധിച്ചിടത്തോളവും നായകൻ എന്നു പറഞ്ഞാൽ മുമ്പു കാണിച്ച ഗുണങ്ങളും പ്രതിനായകനെന്നാൽ ദോഷങ്ങളും ആധിക്യേന സ്ഥിതിചെയ്യുന്ന ഒരു അസാധാരണപുരുഷൻ എന്ന് അർത്ഥം ധരിക്കണം. ഇവർ ധർമ്മത്തിന്റെയും

അധൎമ്മത്തിന്റേയും പ്രതിനിധികളായി കല്പിക്കപ്പെടുന്നു. നായകനേയും പ്രതിനായകനേയും എന്ന വ്യാജേന ധൎമ്മത്തേയും അധൎമ്മത്തേയും പ്രതിപാദിച്ച്, അവരുടെ വിരോധം അല്ലെങ്കിൽ യുദ്ധം എന്ന രൂപത്തിൽ അവയുടെ ബലാബലങ്ങളെ പരീക്ഷിച്ചു, പ്രതിനായകന്റെ നാശരൂപേണ അധൎമ്മത്തിന്റെ പരാജയത്തേയും നായകന്റെ ഉൽകൎഷം (ജയം) എന്ന വ്യാജേന ധൎമ്മത്തിന്റെ വിജയത്തേയും കാണിക്കുകയാകുന്നു സൂക്ഷ്മത്തിൽ പുരാണസാഹിത്യകാരന്മാർ ചെയ്തിരിക്കുന്നത്. ധൎമ്മാധൎമ്മങ്ങൾക്കു സഹജമായിക്കാണുന്ന വിരോധംതന്നെ നായകപ്രതിനായകന്മാരുടെ വൈരം. ഇപ്പോൾ ഏതേതു മൂലതത്വങ്ങളെ അല്ലെങ്കിൽ വിശുദ്ധങ്ങളായ ആദൎശങ്ങളെ ആസ്പദമാക്കിയാണ് പുരാണങ്ങളിൽ നായകപ്രതിനായകന്മാരെ സൃഷ്ടിക്കുന്നതെന്നു വ്യക്തമായല്ലോ. ഈ പ്രകൃതത്തിൽ പുരാണസാഹിത്യത്തെക്കുറിച്ച് അല്പം ഗഹനമായ ഒരു വിചിന്തനം ചെയ്യേണ്ടതാവശ്യമാകുന്നു.

സുബ്രഹ്മണ്യൻ ഇന്ദ്രൻ ശ്രീരാമൻ ശ്രീകൃഷ്ണൻ വാമനൻ ഭാൎഗ്ഗവരാമൻ യുധിഷ്ഠിരൻ ഭീമസേനൻ അൎജ്ജുനൻ നളൻ മുതലായവരെല്ലാം പുരാണപ്രസിദ്ധന്മാരായ നായകന്മാരാകുന്നു. താരകൻ വൃത്രൻ രാവണൻ കംസൻ മഹാബലി കാൎത്തവീൎയ്യാൎജ്ജുനൻ ദുൎയ്യോധനാദികൾ ജരാസന്ധൻ കൎണ്ണൻ പുഷ്കരൻ എന്നു തുടങ്ങിയ പലരേയും ഈ നായകന്മാൎക്കു ചേൎന്ന പ്രതിനായകന്മാരായും പുരാണങ്ങളിൽ വൎണ്ണിച്ചിരിക്കുന്നു. ഇവിടെ നായകന്മാർ ദേവന്മാരോ തത്തുല്യന്മാരായ രാജാക്കന്മാരോ ആയിരിക്കുമെന്നു സ്പഷ്ടമാണല്ലോ. അതുപോലെ അസുരന്മാരോ രാക്ഷസന്മാരോ അഥവാ തത്തുല്യന്മാരായ വല്ലവരുമോ ആയിരിക്കും പ്രതിനായകന്മാരെന്നും തെളിയുന്നുണ്ട്.

തപോവിദ്യപൌരുഷപരാക്രമാദികളെക്കൊണ്ടു, നായകന്മാരുടെ അടുത്തു നില്ക്കുന്നതിനു വേണ്ട ശക്തി പ്രതിനായകന്മാരുടെ ഒരു യോഗ്യതയാകുന്നു. പുരാണങ്ങളിൽ ഇവിടെ പേർ പറഞ്ഞ പ്രതിനായകന്മാരെയെല്ലാം ഈവിധം ശക്തി തികഞ്ഞവരെന്ന നിലയിലാണ് വൎണ്ണിച്ചിരിക്കുന്നത്.

"വംശവീൎയ്യപ്രതാപാദി വൎണ്ണയിത്വാ രിപോരപി
തജ്ജയാന്നായകോൽകൎഷകഥനഞ്ചധിയോതിനഃ"

എന്ന് ആചാൎയ്യദണ്ഡി പറയുന്നതനുസരിച്ചു ചെയ്യുന്ന പ്രതിനായകവൎണ്ണനം നായകന്മാൎക്കുതന്നെ ഉൽകൎഷകരമായിപ്പരിണമിക്കുന്നു. ശത്രുക്കൾക്കു പ്രതാപാദിഗുണഭൂയിഷ്ഠതയുണ്ടെന്നു കാണിച്ചില്ലെങ്കിൽ അപ്രകാരമുള്ള ദുൎബ്ബലന്മാരെ ജയിക്കുന്നതുകൊണ്ടു നായകന്മാൎക്കു വിശേഷിച്ചു യാതൊരു മേന്മയും ലഭിക്കുവാനില്ല, ഇതാണ് ദണ്ഡിയുടെ അഭിപ്രായത്തിൻെറ രഹസ്യം. പൌരാണികകവികൾ ഈ മൎമ്മം നല്ലപോലെ അറിഞ്ഞിട്ടുണ്ടെന്നു പ്രതിനായകന്മാരെപ്പററി അവർ ചെയ്തിരിക്കുന്ന വൎണ്ണനത്തിൻെറ സ്വഭാവത്തിൽനിന്നു ഗ്രഹിക്കാം. നായകന്മാരേയെന്നപോലെ പ്രതിനായകന്മാരേയും അപ്രതിമന്മാരായിത്തന്നെ പുരാണങ്ങൾ വൎണ്ണിച്ചുകാണിച്ചിരിക്കുന്നു. ഏതാദൃശന്മാരായ നായകന്മാരും പ്രതിനായകന്മാരും ഇതരസാഹിത്യങ്ങളിൽ കാണുമെന്നു തോന്നുന്നില്ല. ലോകദ്രോഹത്തിന്നുവേണ്ടി വ്യയം ചെയ്തതുകൊണ്ടാണ് പ്രതിനായകന്മാരുടെ തപഃപൌരുഷാദിശക്തികൾ ആത്മനാശകരങ്ങളായി ഭവിച്ചതെന്നു പറയേണ്ടതില്ലല്ലോ. "ഭൂതദ്രുഹാം ക്കോലഭേതശം" എന്ന വാക്യത്തിൻെറ സാരം ഇവർ അനുഭവംകൊണ്ടു വ്യക്തമാക്കി. ഇതാണ് മുൻപറഞ്ഞ പ്രതിനായകന്മാരുടെയെല്ലാം സ്ഥിതി.

ഇവിടെ സുബ്രഹ്മണ്യാദി നായകന്മാരുടേയും താരകാദി പ്രതിനായകന്മാരുടേയും സ്വഭാവങ്ങളെപ്പററി ദീൎഘമായി വിമൎശിക്കുന്നതിനു സൌകൎയ്യമില്ല. അവരിൽ പ്രധാനികളെപ്പററി അല്പം ചിലതു പ്രസ്താവിച്ചു, ധൎമ്മാധൎമ്മമൎമ്മങ്ങളുടെ ഒരു ദിക്ദൎശനം ചെയ്യണമെന്നു മാത്രമേ പ്രകൃതത്തിൽ ഉദ്ദേശിക്കുന്നുള്ളു.

വാല്മീകിരാമായണത്തിലെ ശ്രീരാമനും രാവണനും തന്നെ ഈ സന്ദൎഭത്തിൽ പ്രഥമഗണനീയന്മാർ.

ശ്രീരാമനെ ആദികവി 'വിഗ്രഹവാ'നായിരിക്കുന്ന 'ധൎമ്മ'മായി വൎണ്ണിച്ചിരിക്കുന്നു. രാമായണത്തിൽ ചെയ്തിരിക്കുന്ന രാമന്റെ സ്വഭാവവൎണ്ണനം നോക്കിയാൽ ഇത്രയും ധൎമ്മനിരതനായ ഒരു നായകൻ വേറെയില്ലെന്ന് ആരും സമ്മതിക്കും. മാതാവു പിതാവു ഗുരു ഭൃത്യൻ മിത്രം ഭ്രാതാവു മുതലായ സ്വജനങ്ങളോടുള്ള രാമന്റെ സസ്നേഹവും സത്യധൎമ്മാനുകൂലവുമായ പെരുമാററത്തെ രാമായണത്തിൽ ഭംഗിയായി വൎണ്ണിച്ചു ഫലിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ വിധം സ്വജനങ്ങളോടു കാണിക്കുന്ന സ്വഭാവവിശേഷത്തിലല്ല രാമന്റെ ഗുണപാരമ്യം നിലനില്ക്കുന്നത്. സ്വജനങ്ങളോട് ഇപ്രകാരം പെരുമാറുന്നതു, പക്ഷെ ലോകസാധാരണമെന്നു സമ്മതിക്കാം. സ്വന്തം ബന്ധുക്കളോട് എന്നപോലെ ശത്രുക്കളോടും നിഷ്കപടമായ ധൎമ്മനിഷ്ഠയോടുകൂടി പെരുമാറുന്നു. ഇതാണ് രാമനിൽ കാണുന്നതും മററുള്ളവരിൽ അത്യന്തം വിരളവുമായ വിശേഷഗുണം. എന്തുതന്നെ സംഭവിച്ചാലും ധൎമ്മമാൎഗ്ഗത്തിൽനിന്നു വ്യതിചലിക്കുകയില്ലെന്നുള്ള ദൃഢവ്രതം രാമനിലെന്നപോലെ മററു നായകന്മാരിൽ കാണുകയില്ല.

രാവണനാൽ ബഹിഷ്കൃതനായ വിഭീഷണൻ ഒട്ടു

വിൽ രാമനെ ശരണം പ്രാപിക്കയാണല്ലോ ചെയ്തത്. ശത്രുവിൻെറ ഭ്രാതാവും തൽപക്ഷത്തിൽനിന്നു വന്നവനുമായ വിഭീഷണനെ സ്വീകരിക്കുന്നതിൽ പല വാനരവീരന്മാരും വിരോധം പ്രകാശിപ്പിച്ചു. ചിലർ വിഭീഷണനെ വധിക്കണമെന്നുതന്നെ 'വിധി'ക്കുകയുണ്ടായി. വാസ്തവത്തിൽ ഈ സന്ദർഭത്തിൽ വാനരന്മാൎക്കുണ്ടായ അഭിപ്രായങ്ങൾ ആൎക്കുമുണ്ടാകുന്നതാണ്. എന്നാൽ

"ആനയൈനം ഹരിശ്രേഷ്ഠ! ദത്തമസ്യാഭയം മയാ
വിഭീഷണോവാ സുഗ്രീവ! യദി വാ രാവണസ്സ്വയം"

വാൽമീകി രാമായണം യുദ്ധകാണ്ഡം സൎഗ്ഗം ൧൮.

എന്നു പറഞ്ഞ രാമൻ വിഭീഷണനെ സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഇവിടെ "യദി വാ രാവണസ്സ്വയം"–സീതാചോരനായ രാവണൻ തന്നെ വന്നു ശരണം പ്രാപിച്ചാലും ഞാൻ അഭയം കൊടുത്തു രക്ഷിക്കുന്നതാണ്–എന്ന വാക്യത്തിൻെറ ഗാംഭീൎയ്യം ആലോചിക്കേണ്ടതാകുന്നു. എന്തു നിശ്ചലമായ ധൎമ്മനിഷ്ഠ! രാവണൻെറ ചാരന്മാരായ ശുകസാരണന്മാർ വേഷപ്രച്ഛന്നന്മാരായി വാനരസൈന്യത്തിൽക്കടന്നുകൂടിയ വൎത്തമാനം വിഭീഷണനു മനസ്സിലായി. ഉടനെ വിഭീഷണൻ അവരെ വധിക്കുവാൻ തുടങ്ങി. അപ്പോൾ

"ന്യസ്തശസ്ത്രൌ ഗൃഹീതൌ ച ദൂതൌ ന വധമൎഹതഃ"

വാ. രാ. യുദ്ധകാണ്ഡം സൎഗ്ഗം ൨൫.

എന്നു പറഞ്ഞു രാമൻ അവരെ സങ്കടത്തിൽനിന്നു മോചിപ്പിക്കുന്നു.

"യഥോക്തം വാ കൃതം കാൎയ്യം ഛന്ദതഃ പ്രതിഗമ്യതാം"

വാ. രാ. യുദ്ധകാണ്ഡം സൎഗ്ഗം ൨൫.

എന്നുകൂടി അവരോടു രാമൻ പറയുന്നു. രാവണൻ പറഞ്ഞ കാൎയ്യമെല്ലാം നിൎവ്വഹിച്ചെങ്കിൽ നിങ്ങൾ യഥേ

ഷ്ടം പോയ്ക്കൊള്ളുവിൻ. നിങ്ങളെ ആരും ഉപദ്രവിക്കു കയില്ല. ഇതാണ് രാമൻ പറഞ്ഞതിന്റെ സാരം. ശത്രുവിന്റെ ചാരന്മാരോടുള്ള രാമന്റെ ഈ പെരുമാററവും അത്യന്തംധർമ്മയുക്തവും അസാധാരണവുമായിരിക്കുന്നു. ഒരു സന്ദർഭത്തിൽ രാമൻ, കയ്യിൽ കിട്ടിയ രാവണനെ കൊല്ലാതെ വിടുന്നു.

"യന്നദേവൈഃ കൃതോ രാജാ
നാപി ദൈത്യൈർന്ന ദാനവൈഃ
കൃതസ്സ ഇഹ രാമേണ
വിമുക്തഃ പ്രാണസംശയാൽ"

വാ. രാ. യുദ്ധകാണ്ഡം സർഗ്ഗം ൬൦

എന്നു രാമന്റെ ഈ പ്രവൃത്തിയെ രാക്ഷസന്മാർകൂടി ശ്ലാഘിക്കുന്നു. ലോകകണ്ടകനായ ഒരു ശത്രുവിനെ തരത്തിനു കയ്യിൽ കിട്ടിയാൽ, രാമൻ ചെയ്തതുപോലെ, ഇപ്രകാരം, ആരും പ്രവർത്തിക്കുകയില്ല. അതാണ് ശത്രുക്കൾക്കുകൂടി രാമനിൽ അസാധാരണമായ ബഹുമാനം തോന്നിയത്. രാവണന്റെ മരണത്തിൽ ആദ്യം വിഭീഷണനു വിഷാദമുണ്ടാക്കി; എങ്കിലും ഒടുവിൽ രാവണന്റെ 'പരദാരാഭിമർദ്ദനാദി' പാപങ്ങളെപ്പററി വിചാരിച്ചപ്പോൾ 'ഭ്രാതൃരൂപ'നായ ആ 'ശത്രു'വിനെ സംസ്കരിക്കുകയില്ലെന്നു വിഭീഷണൻ നിശ്ചയിച്ചു. അപ്പോൾ

"മരണാന്താനി വൈരാണി
നിർവൃത്തം നഃ പ്രയോജനം"

വാ. രാ. സർഗ്ഗം ൧൧൧

എന്നു പറഞ്ഞു രാമൻ, വിഭീഷണനെക്കൊണ്ടു വേണ്ട വിധം രാവണന്റെ സംസ്കാരം നടത്തിക്കുന്നു.

"തേജസ്വീ ബലവാൻ ശൂരസ്സംഗ്രാമേഷു ച നിത്യശഃ"

വാ. രാ. സർഗ്ഗം ൧൧൧

എന്ന് ഈ സന്ദർഭത്തിൽ രാവണനെ മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്യുന്നു. ഇതാണ് രാമന്റെ, ശത്രുക്കളോടുള്ള പെരുമാററത്തിന്റെ സ്വഭാവം. ഇതുപോലെ പല സന്ദർഭങ്ങളിലും വാല്മീകി രാമന്റെ സ്വഭാവമാഹാത്മ്യത്തെ വിവരിക്കുന്നുണ്ട്. അപകാരനിരതന്മാരായ ശത്രുക്കളോട് ഇത്രയും നിഷ്കപടമായ ധർമ്മബുദ്ധിയോടുകൂടിപ്പെരുമാറുന്നതിനു വേണ്ട മനഃസ്ഥിതി ലോകത്തിൽ എത്ര ദുർല്ലഭം! ഇതിലധികം ഒരു നായകന്റെ ധർമ്മനിഷ്ഠയെ എങ്ങിനെ വർണ്ണിക്കും! സർവ്വഥാ ശ്രീരാമൻതന്നെ പൌരാണികനായകന്മാരിൽ അഗ്രേസരൻ എന്നു സിദ്ധമാകുന്നു.

രാമന്റെ പ്രതിനായകസ്ഥാനത്തു നിർത്തുന്നതിനു കരുതിത്തന്നെയാകുന്നു ആദികവി രാവണനെ സൃഷ്ടിച്ചത്. ഇവർക്ക് തമ്മിൽ പകലും രാത്രിയുംപോലെ വ്യത്യാസമുണ്ട്. ഒരാൾ സത്വത്തിന്റെ അല്ലെങ്കിൽ ധർമ്മത്തിന്റെ വിഗ്രഹമാണെങ്കിൽ മററെയാൾ തമസ്സിന്റെ അല്ലെങ്കിൽ അധർമ്മത്തിന്റെ മൂർത്തിയാകുന്നു. അഹങ്കാരം അജ്ഞാനം അഭിമാനം ജളത്വം കോപം പാരുഷ്യം കാമം മുതലായ വിഷദ്രവ്യങ്ങളെ ധാരാളം ഉപയോഗിച്ചാണ് വാല്മീകി രാവണന്റെ താമസമായ ആത്മാവിനെ നിർമ്മിച്ചിരിക്കുന്നത്. ഈ ദോഷങ്ങൾ ഇത്രത്തോളം ഉൽക്കടമായി യാതൊരു പ്രതിനായകനിലും കാണുകയില്ല.

അനേകം നിരപരാധികളായ ജനങ്ങളേയും ജടായുസ്സു മുതലായവരേയും വധിച്ചതുകൊണ്ടു രാവണൻ ഹിംസാശീലനാകുന്നു. ആരും കാണാതെ സീതയെ അപഹരിച്ചതുകൊണ്ടു ചോരനും; സീതാദി പരദാരങ്ങളെ അഭിലഷിച്ചതുകൊണ്ടു രാവണന്റെ അന്യസ്ത്രീകാമത്വം

൨ *

സ്പഷ്ടം. ഇപ്രകാരം വിചാരിച്ചാൽ ശരീരവാങ്മനസ്സുകൾകൊണ്ടു ത്യാജ്യങ്ങളായി ശാസ്ത്രങ്ങൾ വിധിച്ചിരിക്കുന്ന പാപങ്ങളെല്ലാം രാവണന്നു തികച്ചുമുണ്ടെന്നു തെളിയും. രാമൻ തന്റെ ശത്രുവിനോടും ധർമ്മം പ്രവർത്തിക്കുന്നു എന്നു മുമ്പു പറഞ്ഞുവല്ലോ. ഇതിന്നു നേരേ വിപരീതമായി ബന്ധുവിനോടും അധർമ്മം ചെയ്യുന്നു. ഇതാണ് രാവണന്റെ സ്വഭാവം. തനിക്കു ഹിതമല്ലാത്തത്, ഏതു ധർമ്മമായാലും, കേട്ടാലുടനെ രാവണൻ കോപിക്കുന്നു. തൽക്ഷണം ആ പറഞ്ഞവന്നു വധമോ ബഹിഷ്കരണമോ അനുഭവിക്കേണ്ടിവരും. അത്രയ്ക്കു ക്ഷമയില്ലായ്മ ക്രൂരത അധർമ്മം എന്നിവ രാവണന്നുണ്ട്. തന്നോടു ഹിതോപദേശം ചെയ്യുന്നവരെയെല്ലാം രാവണൻ ശത്രുവായി വിചാരിക്കുന്നു. രാവണൻ മാരീചനോടു "മായാമൃഗമായിച്ചെന്നു സീതയെ വ്യാമോഹിപ്പിച്ചു രാമനെ അകററിയില്ലെങ്കിൽ ഞാൻ നിന്നെ കൊല്ലും" എന്നു പറയുന്ന ഭാഗം നോക്കുക. രാവണനെ മാരീചൻ അനുസരിച്ചു. കാരണം ഭക്തിയല്ല. രാമന്റെ കയ്യുകൊണ്ടുള്ള മരണം ശ്രേയസ്കരമാകുമല്ലോ എന്നതുതന്നെ. രാവണൻ വിഭീഷണനെ നിഷ്കാസനം ചെയ്തു. എന്തിന്? "സീതയെക്കൊണ്ടെക്കൊടുത്തു രാമനെ ശരണം പ്രാപിക്കണ"മെന്നു ഹിതം ഉപദേശിച്ചതിന്. വിഭീഷണൻ ചെയ്തതുപോലെ കുംഭകർണ്ണനും രാവണന്നു ഹിതം ഉപദേശിക്കുന്നുണ്ട്. അപ്പോഴും രാവണൻ കയർക്കുകയാണ് ചെയ്യുന്നത്. ചാരന്മാരായ ശുകസാരണന്മാർ വാനരസൈന്യത്തിലെ വർത്തമാനങ്ങളെല്ലാം അറിഞ്ഞുവന്നു വാസ്തവം—രാമന്റേയും വാനരസേനയുടേയും മററും ബലവും യോഗ്യതയും—പറയുന്നു. അപ്പോഴും രാവണൻ കുപിതനായി അവരെ വ

ധിക്കുവാൻ ഉദ്യമിക്കുന്നു. കാൎത്തവീൎയ്യാൎജ്ജുനന്റേയും ബാലിയുടേയും പക്കൽനിന്നു രാവണന്നു ലഭിച്ചതും ദയനീയവുമായ പരാജയം അതിരില്ലാത്ത അഹങ്കാരത്തിന്റേയും ജളത്വത്തിന്റേയും ഫലമാകുന്നു. നന്ദി നളകൂബരൻ മുതലായവരിൽനിന്നു രാവണൻ സമ്പാദിച്ച ശാപങ്ങളുടെ കാൎയ്യവും ഇവിടെ സ്മരിക്കേണ്ടതുണ്ട്. രാവണന്റെ പ്രധാനദോഷം പരദാരലമ്പടത്വമാകുന്നു. മററു ദോഷങ്ങളോട് ഇതു കൂടിച്ചേൎന്നപ്പോൾ രാവണന്റെ അധൎമ്മം മുഴുമിച്ചു. രാവണന്നു,

കൃതൈഷാവിധവാലങ്കാ വയം ച കുലനന്ദന!
ദേഹഃ കൃതോന്നം ഗൃധ്രാണാമാത്മാനരകഹേതവേ"

മഹാഭാഗവതം സ്കന്ധം ൯. അദ്ധ്യായം ൧൦.

എന്ന പദ്യത്തിൽ പറയുന്നവിധം അനുഭവമുണ്ടാകുന്നതിന്, ഈ പരസ്ത്രീലമ്പടത്വംതന്നെ ഹേതുവായി. ഇപ്രകാരമാണ് കവിവേധസ്സ്, രാവണനിൽകൂടി അധൎമ്മസ്വരൂപം വിസ്തരിച്ചു കാണിച്ച് അത് എങ്ങിനെ ആത്മനാശകരമായി ഭവിക്കുന്നു എന്നു ലോകത്തോടുപദേശിച്ചിരിക്കുന്നത്.

രാമന്റെ എന്നപോലെ രാവണന്റേയും ഗുണങ്ങളെ വൎണ്ണിക്കുന്നതിൽ വാല്മീകി യാതൊരു പിശുക്കും കാണിച്ചിട്ടില്ല; സന്ദൎഭം ലഭിക്കുമ്പോളെല്ലാം അവയെ അതിനിപുണതയോടുകൂടി വൎണ്ണിക്കുന്നുണ്ട്. തപോവീൎയ്യപരാക്രമങ്ങൾകൊണ്ടു രാവണൻ അദ്വിതീയനാണെന്നു തെളിയിക്കുന്ന പല ഭാഗങ്ങളും രാമായണത്തിൽ കാണാം. തപസ്സു കൈലാസോദ്ധാരണം ദിഗ്വിജയം മുതലായവ രാവണന്റെ മഹത്തായ പരാക്രമത്തെ ദ്യോതിപ്പിക്കുന്നവയാണ്. രാവണനെക്കാണുമ്പോൾ ഹനുമാനുണ്ടാകുന്ന വിചാരത്തെപ്പററി വൎണ്ണിച്ചിരിക്കുന്നതു നോക്കുക.

"അഹോ! രൂപമഹോ! ധൈൎയ്യമഹോ! സത്വമഹോ ദ്യുതിഃ
അഹോ! രാക്ഷസരാജസ്യ സൎവ്വലക്ഷണയുക്തതാ.
യദ്യധൎമ്മോ ന ബലവാൻ സ്യാദയം രാക്ഷസേശ്വരഃ
സ്യാദയം സുരലോകസ്യ സശക്രസ്യാപി രക്ഷിതാ"
സുന്ദരകാണ്ഡം സൎഗ്ഗം ൪൯.

എന്നു രാവണന്റെ രൂപധൈൎയ്യാദികളെക്കണ്ടു ഹനുമാൻ വിസ്മയാന്ധനാകുന്നു. അധൎമ്മം ഇല്ലായിരുന്നുവെങ്കിൽ രാവണൻ സ്വൎഗ്ഗത്തിനുകൂടി നാഥനാകുമായിരുന്നു എന്നു ഹനുമാൻ വിചാരിക്കുന്നു.

"അനേനദത്താനി വനീപകേഷു
ഭുക്താശ്ച ഭോഗാ നിഭൃതാശ്ച ഭൃത്യാഃ
ധനാനി മിത്രേഷു സമൎപ്പിതാനി
വൈരാണ്യമിത്രേഷു നിപാതിതാനി
ഏഷോഹിതാഗ്നിശ്ച മഹാതപാശ്ച
വേദാന്തഗഃ കൎമ്മസു ചാഗ്ര്യശൂരഃ"
യുദ്ധകാണ്ഡം സൎഗ്ഗം ൧൧൧.

എന്നു വിഭീഷണൻ രാവണനെക്കുറിച്ചു ചെയ്യുന്ന വിലാപവും ഇവിടെ സ്മരിക്കേണ്ടതാകുന്നു. ലോകത്തിൽ രാവണൻ സൎവ്വസുഖങ്ങളും അനുഭവിച്ചു പരാക്രമംകൊണ്ടു ദിക്പാലന്മാരേയും കീഴമൎത്തി പല ധൎമ്മങ്ങളും ചെയ്തു. ലങ്കയെപ്പററി രാമായണത്തിൽ ചെയ്തിരിക്കുന്ന ഗംഭീരമായ വൎണ്ണനങ്ങളിൽനിന്നു രാവണന്റെ അസാധാരണ യോഗ്യതകൾ പലതും ഗ്രഹിക്കുവാൻ കഴിയും.

രാവണനെ അഗ്ര്യനായ ഒരു ശൂരനായി വാല്മീകി കാണിച്ചുതന്നിരിക്കുന്നു. ബലവത്തായ അധൎമ്മം കൊണ്ടു രാവണന്റെ മുമ്പു പറഞ്ഞ യോഗ്യതകളെല്ലാം നിഷ്ഫലമായി. അവ രാവണനെസ്സംബന്ധിച്ചിടത്തോളവും ലോകങ്ങളേയും തന്നേയും പീഡിപ്പിക്കുന്നതിന് ഉദഗ്രങ്ങളായ ആയുധങ്ങളായി ഭവിക്കുകയാണ് ചെയ്തത്. "യദ്യധൎമ്മോ ന ബലവാൻ" എന്ന വാക്യത്തിന്റെ ഗംഭീരമായ ഭാവം ഇവിടെ ചിന്തിക്കേണ്ടതാകുന്നു.

ഇതാണ് വാല്മീകി രാമരാവണമുഖേന പ്രകാശിപ്പിച്ചിരിക്കുന്ന ധർമ്മാധർമ്മരൂപത്തിന്റെ സ്വഭാവം. അനേകം ഉൽകൃഷ്ടതത്വങ്ങൾ ഇതിൽനിന്ന് ആക്കും പഠിക്കുവാനുണ്ട്. (തുടരും)

വടക്കുംകൂർ രാജരാജവർമ്മരാജാ.

## വലയേശപരീനവകം

'ശ്രീവളയനാട്ടുകാവിൽ'
ശ്രിതജനഹിതമാനനിരതയായ് നിയതം
ശ്രീമൽക്കല്പകലതതാൻ
ശ്രീചക്ര(1)തടത്തിലുല്ലസിക്കുന്നു. ൧
കുളിരരുളും ചില്ലകളും,
തളിരുകളും, തരളമാകുമളിനിരയും,
ക്ളിവളരും പൂങ്കുലയും
തെളിവൊടു വിലസുന്നു സതതമീ ലതയിൽ. ൨
മലയിലെഴുന്ന മഹേശനെ
മലർശരനു മയക്കുവാൻ മഹാസ്ത്രങ്ങൾ
സുലളിതലതയിതിലല്ലോ
സുലഭം സൃഷ്ടിച്ചിരിപ്പതബ്ജഭവൻ. ൩
മധുരസഭരിതമിതരുളും
മധുരതരഫലത്തിനുള്ള മഹിമകളാൽ
മധുരിപു മുതലമരരുമൊരു
വിധുരത കൂടാതെ വിജയമേല്ക്കുന്നു. ൪
ഇപ്പാരിജാതവല്ലരി
മുപ്പാരിനുമുള്ള മൂലമെന്നാലും
ഇപ്പാരിൽ വന്നിരിപ്പതു
തുപ്പാദാസേവകർക്കു തുണയരുളാൻ. ൫

(1) സാമൂതിരിരാജകുടുംബത്തിന്റെ പരദേവതയായ 'തിരുവളയനാട്ടുകാവിൽ' ഭഗവതിയെ കോവിലകത്തുവെച്ചു പൂജിച്ചുവരുന്നതു സ്വർണ്ണംകൊണ്ടുള്ള ശ്രീചക്രത്തിൽ സങ്കല്പിച്ചിട്ടാണ്.

ഒരു സാമൂതിരിഭക്തനു
ഗുരുസമനാം 'വില്വമംഗലം'യോഗി
സുരുചിരമാം ഭഗവതിതൻ
തിരുവുടൽ കാട്ടിക്കൊടുത്തുപോൽ മുന്നം. ൧
നൃപതിയതി കുതുകലഹരി-
നിപതിതയായാഞ്ഞണഞ്ഞു പിടികൂടാൻ
സപദി മുതിർന്നു കാൺകേ
സ്വപദത്തിൽ മറഞ്ഞു സത്വരം ദേവി. ൨
ഒരു വലയമപ്പൊളന്നാ-
പ്പുരുഷേന്ദ്രനു കയ്യിൽ വന്നു ഭാഗ്യത്താൽ;
തിരുവളയതു ഭൂവലരിപു
ഗുരുവരുളാൽ കാവിൽ വെച്ചു (2) പൂജിച്ചു. ൩
ആവിധമിബ്ഭൂവിലണ-
ഞ്ഞാവിലതയകറ്റിയഖിലസുഖമരുളാൻ
ശ്രീവിളയും നാടാമി-
ക്കാവിലിതാ കല്പവല്ലി വിലസുന്നു. ൪

പി വി. കൃഷ്ണവാരിയർ.

## ദൈവത്തിന്റെ കളി

൧

നേരം രാത്രി പത്തുമണി കഴിഞ്ഞു. മനോഹരമായ നിലാവ്. ജെയിംസ് വില്യം എസ്റ്റേറ്റ് ആകമാനം ആ മനോഹരചന്ദ്രികയിൽ മുഴുകി പ്രശോഭിക്കുന്നു. അ

---

(2) ദേവീഭക്തനായ ഒരു സാമൂതിരിപ്പാട്ടിലേക്കു വില്വമംഗലത്തുസ്വാമിയാരുടെ തപശ്ശക്തികൊണ്ടു ഭഗവതിയെ പ്രത്യക്ഷമായിക്കാണ്മാൻ സാധിച്ചു എന്നും, അങ്ങിനെ കണ്ടപ്പോൾ തമ്പുരാൻ കൌതുകംകൊണ്ടു കൈകടന്നു പിടിക്കുവാൻ ശ്രമിച്ചതോടുകൂടി ഭഗവതി അവിടെത്തന്നെ മറഞ്ഞു എന്നും, പക്ഷെ ദേവിയുടെ ഒരു വള മാത്രം ഊരിപ്പോന്നതു തമ്പുരാനു കിട്ടിയെന്നും, പിന്നെ സ്വാമിയാരുടെ കല്പനപ്രകാരം ആ വള വെച്ചു പൂജിക്കുകയാലാണ് ആ സ്ഥലത്തിന്നു തിരുവളയനാട്ടുകാവ് എന്നു പേർ സിദ്ധിച്ചതെന്നും മററുമാണ് ഐതിഹ്യം. ഇതുതന്നെ ചിലർ മറെറാരുവിധത്തിലും പറയാറുണ്ട്.

ത്തിലെ കെട്ടിടങ്ങളിൽ തൂക്കിയിരിക്കുന്ന ഇലക്ടിക്ക് വിളക്കുകൾ പുറമെയുള്ള നിലാവിൻെറ കാന്തി കണ്ടു നാണംകുണുങ്ങുന്നതുപോലെ ഇടയ്ക്കു മങ്ങിയും ഇടയ്ക്കു മിന്നിയും കാണപ്പെടുന്നു. ജോലിക്കാരെല്ലാം അവരവരുടെ വസതികളിലെത്തി കുളി, ഭക്ഷണം മുതലായതു കഴിക്കുവാനും ഭക്ഷണം കഴിഞ്ഞവർ ഓരോ നേരമ്പോക്കുകൾ പറഞ്ഞു വിനോദിക്കുവാനും തുടങ്ങിയിരിക്കുന്നു. എസ്റ്റേററിൽ വടക്കെ അററത്തുള്ള ആ ചെറിയ കുന്നിന്മേൽ കാണുന്ന മാളിക ഗോപീനാഥൻെറ ബംക്ലാവാണ്. ബംക്ലാവിൻെറ ഉന്നതത്തെ മുകപ്പിനടുത്തു മിററത്തു കിടക്കുന്ന ചാരുകസാലകളിൽ ഒന്നിൽ മേല്പോട്ടു നോക്കി ആകാശകാന്തിയിൽ രസിച്ചുകൊണ്ടു കിടക്കുന്ന ആ സുന്ദരപുരുഷൻ ഗോപീനാഥനല്ലാതെ മററാരുമല്ല. ഗോപീനാഥൻ .ഇന്നും ഗോപീനാഥൻതന്നെ. അദ്ദേഹത്തിൻെറ പേരിനോടു യാതൊന്നും കൂട്ടിച്ചേർക്കപ്പെട്ടിട്ടില്ല. മിററത്തു നിറയെ പൂച്ചട്ടികൾ നിരത്തിവെച്ചിരിക്കുന്നു. അവയിലെ വിവിധങ്ങളായ ചെടികൾ നിലാവുവെളിച്ചത്തിൽ പൂർവ്വാധികം തേജോമയങ്ങളായി കാണപ്പെടുന്നു. അതാ യൌവനയുക്തയും സുകുമാരശരീരയുമായ ഒരു യുവതി മുകപ്പിൽനിന്നു ചാടി മിററത്തേക്കിറങ്ങുന്നു. ഉത്തരക്ഷണത്തിൽ അവൾ ഗോപീനാഥൻെറ സമീപത്തു ചെല്ലുന്നു. അദ്ദേഹത്തിൻെറ കരവല്ലികളാൽ സമാശ്ലിഷ്ടയാകുന്നു.

അമ്മിണി! ഒരാറുമാസം മുമ്പു ജഡ്ജിയുടെ മഠത്തിൽ ഭൃത്യവൃത്തിയെടുത്തു കഷ്ടപ്പെട്ടുകഴിഞ്ഞിരുന്ന ആ അമ്മിണി—ഗോപീനാഥൻെറ കഷ്ടകാലത്ത് അദ്ദേഹത്തിൽ അനുകമ്പാകുലയായി തന്നെത്താൻ മറന്നു മറഞ്ഞുനിന്നുകൊണ്ട് അദ്ദേഹത്തിനെ യഥാശക്തി സഹായിച്ചുവന്ന ആ കാരുണ്യവതി—അകാരണമായി അമ്മാവനാൽ വീട്ടിൽനിന്ന് ആട്ടിപ്പുറത്താക്കപ്പെട്ട ആ

നിരപരാധിനിയായ സാധുബാലിക—അവളാണ് ഭം ഗിയേറിയ വസ്ത്രങ്ങൾ ധരിച്ച് ആഭരണങ്ങൾ അണി ഞ്ഞ് ആനന്ദനിമഗ്നയായി ഇതാ തന്റെ പ്രാണനാഥ നായ 'ഗോപീനാഥന്റെ' ആലിംഗനസുഖമനുഭവിച്ചു കൊണ്ടിരിക്കുന്നത്. അതെ അമ്മിണി ഇപ്പോൾ ഗോ പീനാഥന്റെ ഭാര്യയാണ്.

"തങ്കേ! അമ്മ കിടന്നൊ?" എന്നു ചോദിച്ചു.

അമ്മിണി—അമ്മ ഉറങ്ങിക്കഴിഞ്ഞു. അതിന്നു ശേഷമാണ് ഞാൻ എണീററുപോന്നത്.

ഗോ. നാ—ആട്ടെ നാം ഇങ്ങിനെ ഒരുമിച്ചിരിക്കേ ണ്ടിവരുമെന്ന് ആരെങ്കിലും വിചാരിച്ചിരുന്നൊ? നമു ക്ക് ഇങ്ങിനത്തെ ഒരു സ്ഥിതിയുണ്ടാകുമെന്ന് ഊഹിച്ചി ട്ടുള്ളവർ ആരെങ്കിലുമുണ്ടോ? രാമേട്ടൻ അദ്ദേഹത്തിന്റെ ഭാര്യയാൽ നിഷ്കാസനംചെയ്യപ്പെട്ടുമെന്നും അങ്ങേർ നാടുവിട്ടുപോകുമെന്നും മുൻകൂടി അറിഞ്ഞിരുന്നവർ ആ രെങ്കിലുമുണ്ടോ? ആ സ്ത്രീ എന്റെ രക്ഷയിൽ കഴിഞ്ഞു കൂടേണ്ടിവരുമെന്ന് ആരേങ്കിലും കരുതിയിരുന്നൊ?

അമ്മി—ഒന്നുമില്ല എല്ലാം ഈശ്വരന്റെ കളി തന്നെ.

ഗോ. നാ—അതാണ് ഞാൻ പറയുന്നത്. "ഈ ശ്വരപ്രകല്പിതം ലംഘനംചെയ്യാമെന്നു വിശ്വാസിക ളാരും ചെററുമേ മോഹിക്കേണ്ടാ" എന്നു ഞാൻ സ്കൂ ളിൽവെച്ചു പഠിച്ചിട്ടുള്ളതിന്റെ യാഥാർത്ഥ്യം ഈ ചുരു ങ്ങിയകാലത്തിനിടയ്ക്ക് എനിക്കു പൂർണ്ണബോദ്ധ്യമായി. എന്റെ പണം എന്റെ മുതൽ എന്നിങ്ങിനെ സാഭി മാനം പറഞ്ഞു ഞെളിയുന്ന അനേകം പേരെ ഞാനറി യും. ആ പണത്തിന്റെ ഉടമസ്ഥൻ യഥാർത്ഥത്തിൽ ആരാണെന്ന് അക്കൂട്ടർ ആലോചിക്കുന്നേയില്ല. പ

ണത്തിൻെറ ഗതിയെ അവർ സൂക്ഷിച്ചുനോക്കിയിരുന്നെങ്കിൽ അതിൻെറ ഉടമസ്ഥൻ അവരാരുമല്ലെന്ന് അവക്ക് നിഷ്പ്രയാസം മനസ്സിലാകുമായിരുന്നു. ധനം മഹാലക്ഷ്മിയാണ്. അതിൻെറ നാഥൻ സാക്ഷാൽ ഇശ്വരനുമാണ്. ധനം ഇന്നൊരു ദിക്കിലാണെങ്കിൽ നാളെ വേറൊരിടത്താകുന്നു. "ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യക്ക്" എന്നു രാമായണത്തിലൊ മററൊ എഴുതീട്ടുള്ളതു വായിച്ചുനോക്കീട്ടുള്ളവർ ധാരാളമുണ്ടാവും. പക്ഷെ അതിൻെറ യാഥാർത്ഥ്യത്തെപ്പററി ആരും ചിന്തിക്കാറില്ല. പ്രയത്നംകൊണ്ടു ലഭിക്കുന്ന ഒന്നല്ല പണം. പ്രയത്നംകൊണ്ട് അതിനെ നശിപ്പിക്കാനും സാധിക്കില്ല. അവിചാരിതമായവിധത്തിൽ അതു കയ്യിൽ വന്നുവീഴും. അതേമാതിരിതന്നെ ചിലപ്പോഠം അപ്രത്യക്ഷമാവുകയും ചെയ്യും. എൻെറ ജീവിതംതന്നെ ഇതിനെല്ലാം ദൃഷ്ടാന്തമാണ്. പണം സമ്പാദിപ്പാൻവേണ്ടി എത്രകാലം എതെല്ലാംവിധത്തിൽ കഷ്ടപ്പെട്ടവനാണ് ഞാനെന്ന് അമ്മിണിക്കറിഞ്ഞുകൂടെ? ഞാനതൊക്കെ വിവരിച്ചുപറയുകയും ചെയ്തിട്ടുണ്ടല്ലൊ. എന്നിട്ടോ, ഒരു പൈപോലും എൻെറ പ്രയത്നംകൊണ്ട് എനിക്കു ലഭിച്ചിരുന്നൊ? യാതൊരു പ്രയത്നവും കൂടാതെ എനിക്ക് അത്യാവശ്യമുള്ളതെല്ലാം അപ്പപ്പോഠം കിട്ടിയിരുന്നില്ലെ? അത് അമ്മിണിയുടെ മനസ്സുകൊണ്ടായിരുന്നെന്നു പറയുമായിരിക്കാം. ആ ഒരു മനസ്സ് അമ്മിണിക്ക് ആരുണ്ടാക്കി? അതാണ് ആലോചിക്കേണ്ടത്. രാമേട്ടൻേറയും ഭാൎയ്യയുടേയും മനസ്സുപോലെ അമ്മിണിയുടെ ബുദ്ധിയും തിരിഞ്ഞിരുന്നെങ്കിലൊ? ഇനി, പണം പെട്ടെന്ന് ഇല്ലാതാകുന്നതു നോക്കു. അച്ഛനുണ്ടായിരുന്ന

കാലത്ത് എൻെറ സ്ഥിതി എന്തായിരുന്നു. അമ്മിണിക്കോൎമ്മയില്ലെ? എത്ര പെട്ടെന്ന് ആ സ്ഥിതി പോയി നേരെ വിപരീതമായൊരവസ്ഥയിൽ ഞാൻ എത്തിച്ചേൎന്നു! മനുഷ്യരാരെങ്കിലും ചെയ്ത ഒരു പ്രവൃത്തിയാണൊ അത്? അച്ഛൻെറ മരണമല്ലെ ഞങ്ങളുടെ കുടിയിരിപ്പുസ്ഥലംപോലും അന്യാധീനപ്പെടുവാൻ കാരണം? ആ സുഖക്കേട് ആർ വരുത്തി? അങ്ങോർ വരുത്തിയതാണൊ? മററു വല്ലവരും കല്പിച്ചുകൂട്ടി ചെയ്തതൊ? എത്ര വേഗത്തിലാണ് ലോകത്തിലെ ഓരോ സ്ഥിതികൾക്കു മാററം സംഭവിക്കുന്നതെന്നു നോക്കൂ! അതും പോകട്ടെ. ഞാൻ കരകയറാതിരിക്കണമെന്ന് ആഗ്രഹിച്ചവർ പലരുമുണ്ട്. എന്നിട്ടൊ? അവരുടെ ആഗ്രഹം എങ്ങിനെ കലാശിച്ചു. അവരിൽ ചിലരല്ലെ ഇന്ന് എന്നെ ആശ്രയിച്ചു കഴിഞ്ഞുകൂടുന്നത്. എനിക്കീ നില എങ്ങിനെയുണ്ടായി? എത്ര പെട്ടെന്ന്? സായ്പിൻെറ ആ കാർ അന്നെൻെറ മുമ്പിൽ കേടുവരുത്തിയിട്ടതും യോഗ്യനായ സായ്പിന് അതിൻെറ കേടു തീൎക്കാൻ സാധിക്കാതെ വന്നതും ഈ നിസ്സാരനായ എനിക്ക് അതു നിഷ്പ്രയാസം നേരെയാക്കാൻ സാധിച്ചതും അതിൽവെച്ചു സായ്പിന്ന് എൻെറ പേരിൽ ഇത്രത്തോളം ഒരു പ്രീതി ജനിച്ചതും ഇങ്ങിനത്തെ ഒരു നിലയിൽ അദ്ദേഹം എന്നെ എത്തിച്ചതും എല്ലാം ആരുടെ മിടുക്കുകൊണ്ടാണ്, ആരുടെ ഉത്സാഹംകൊണ്ടാണ്; ആലോചിച്ചുനോക്കൂ. എല്ലാം ഈശ്വരമതം; ദൈവത്തിൻെറ കളി. ഇതൊന്നും മനുഷ്യസാദ്ധ്യമല്ല.

അമ്മി—സംശയമില്ല. എൻെറ കഥയും അത്തരത്തിലുള്ള ഒന്നല്ലെ?

ഗോ. നാ—അതെ, അതെല്ലാം ആലോചിച്ചിട്ടാണ് ഞാൻ പറയുന്നത്.

അമ്മി—ആട്ടെ, ആമ്മായിയുടെ കഥയെന്താണ്? പാവം! എനിക്കിപ്പോഴും അവരുടെ പേരിൽ വലിയ സങ്കടം തോന്നുന്നുണ്ട്. അവരുടെ ആ കുട്ടി—എത്ര നല്ല കുട്ടിയായിരുന്നു—ഈ ഗഡുവിൽ അതിന്റെ കഥയും അവസാനിച്ചല്ലോ. ഈശ്വരാ! കഷ്ടം! കഷ്ടം!

ഗോ. നാ—എന്തു ചെയ്യട്ടെ, അമ്മിണി! അതും ഈശ്വരവിധി. ഒരുപക്ഷെ അവർ അവരുടെ പ്രവൃത്തികളുടെ ഫലം അനുഭവിക്കുകയായിരിക്കാം. അതാണ് മനസാ, വാചാ, കർമ്മണാ നാം ഒരാളെ സങ്കടപ്പെടുത്തരുതെന്നു പറയുന്നത്. ഇന്നത്തെ നമ്മുടെ അവസ്ഥ കണ്ടു നാം തുള്ളരുത്. അതു നമ്മുടെ മിടുക്കുകൊണ്ടുണ്ടായതല്ല. എപ്പോളാണ് ആ അവസ്ഥ നമ്മെ കൈവെടിഞ്ഞു മറ്റൊരാളെ പ്രാപിക്കുന്നതെന്നു നമുക്കറിഞ്ഞുകൂടാ. ആ സ്ത്രീ—അവരുടെ പേർ ഭാനുമതിയമ്മ എന്നല്ലെ—അവർ രക്ഷപ്പെടുന്ന കാര്യം തീർച്ചയാക്കാറായിട്ടില്ലെന്നാണ് ഡോക്ടർമാർ അഭിപ്രായപ്പെടുന്നത്. അവരെ പ്രത്യേകം നോക്കുവാൻ ഞാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

അമ്മി—നമ്മളെ രണ്ടുപേരേയും കാണുന്നതുതന്നെ അവർക്കു വലിയ സങ്കടമായിരിക്കുന്നു.

ഗോ. നാ—അതാണ് കുറച്ചുനാളത്തേക്ക് അമ്മിണി ഇനി അവരെ കാണാൻപോവണ്ടെന്നു പറഞ്ഞത്. അവരുടെ സുഖക്കേടു ഭേദമാവട്ടെ.

അമ്മി—എങ്കിലും ചുറ്റിത്തിരിഞ്ഞ് അവർ ഒടുക്കം ഇവിടെ എത്തിയതാണ് അത്ഭുതം! ഇവിടെ വന്നുചേർന്നു. ഇവിടുത്തെ രക്ഷയിൽ കഴിഞ്ഞുകൂടേണ്ടതായും വന്നു. എനിക്കിതൊന്നും ഓർക്കാൻപോലും വയ്യാ. അന്ന് ഇവിടുന്നു ഫീസ്സ് ചോദിച്ചുചെന്ന അവസരത്തിൽ

അമ്മായി പറഞ്ഞതെല്ലാം എനിക്കിപ്പോഴും ഓൎമ്മവരുന്നു. നോക്കൂ! ഈശ്വരന്റെ കളി!

ഗോ. നാ—അതാണ് ഞാനും പറയുന്നത്. ഈശ്വരനെ മറന്നു യാതൊന്നും പറയുകയൊ പ്രവൎത്തിക്കുകയൊ ചെയ്യരുതെന്ന്.

അമ്മി—പാവം ആ അമ്മാമൻ എവിടെയാണൊ ആവൊ. ജീവിച്ചിരിപ്പുണ്ടെന്നുതന്നെ അറിഞ്ഞുകൂടല്ലൊ ഈശ്വരാ! അങ്ങോൎക്ക് അമ്മായിയെ എന്തൊരിഷ്ടമായിരുന്നെന്നൊ? ഒടുക്കം അങ്ങോർ ഉദ്യോഗവും ഉപേക്ഷിച്ചു നാടുവിട്ടു പോവ്വല്ലെയുണ്ടായത്? ആരോ രണ്ടുപേർ പടികടന്ന് അകത്തേക്കു ചെല്ലുന്നതു കണ്ടു ഉടനെ അമ്മിണി എഴുനേറ്റു മുകപ്പിലേക്കു പോയി. അടുത്തുവരുന്നവരെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്ന ഗോപീനാഥന് അവരിൽ ഒരാളെ വേഗത്തിൽ മനസ്സിലായി. അദ്ദേഹം എസ്റ്റേററിലെ ഒരു എഞ്ചിനീയറായിരുന്നു. രണ്ടുമാസത്തിനു മുമ്പ് ഇദ്ദേഹം ഓമനയെ സംബന്ധംചെയ്തു ഓമനയൊരുമിച്ച് അടുത്തുതന്നെ ഒരു ബംഗ്ലാവിൽ താമസിച്ചുവരികയായിരുന്നു. എഞ്ചിനീയർ അടുത്തുകിടന്നിരുന്ന ഒരു കസാലയിൽ ഇരുന്നു. മററെ ആൾ കുറച്ചുകൂടി പ്രായമായ ഒരാളാണ്; പ്രാകൃതവേഷം. എഞ്ചിനീയർ ഒരു കസാലനീക്കിയിട്ടുകൊടുത്ത് അയാളോട് ഇരിക്കുവാൻ പറഞ്ഞു. അയാൾ മടിച്ചുനില്ക്കുന്നതു കണ്ടു ഗോപീനാഥൻ "ഇതാരാണ്" എന്ന് എഞ്ചിനീയരോടു ചോദിച്ചു.

എഞ്ചി—ഇയാളെ നിങ്ങൾ അറിയില്ലെ?

ഗോ. നാ—ഓൎമ്മയില്ലല്ലൊ.

എഞ്ചി—അങ്ങിനെയാണ്? ഇയ്യാൾ നിങ്ങളെ കാണ്മാൻവേണ്ടി വന്നിരിക്കയാണ്. ഞാനിന്നു ബംഗ്ലാ

യിൽ ചെന്നപ്പോൾ ഇയ്യാൾ അവിടെ ഇങ്ങിനെ നില്ക്കുന്നുണ്ട്. അയാൾക്ക സ്ഥലം മാറിപ്പോയി. ഞാൻ വിവരമെല്ലാം ചോദിച്ചു. താസിൽദാർ ശിവശങ്കരപ്പിള്ളയുടെ മരുമകനാണെന്നാണ് പറഞ്ഞത്. മിസ്റ്റർ രാമൻമേനോൻ. ഓമന അറിയില്ലെന്നു പറഞ്ഞു. നിങ്ങളും അറിയില്ലെന്നാണൊ പറയുന്നത്; ഇതെന്തു കഥയാണ്!

ഗോപീനാഥൻ അടുത്തുചെന്ന് ആളെ നല്ലവണ്ണം സൂക്ഷിച്ചുനോക്കി, "രാമേട്ടനൊ" എന്നു ചോദിച്ചുകൊണ്ടു രാമൻമേനോൻെറ പാദം തൊട്ടു തൊഴുത് കഴുകുന്ന കണ്ണീരോടുകൂടി രാമൻമേനോനെ താനിരുന്നിരുന്ന കസാലയിൽ കൊണ്ടുപോയിരുത്തി. ഇതെല്ലാം കണ്ടും കേട്ടും നിന്നിരുന്ന അമ്മിണി മിററത്തേക്ക ചാടിയിറങ്ങി, "എൻെറ അമ്മാമാ!" എന്നു പറഞ്ഞ് അമ്മാമൻെറ കാല്ക്കൽ വീണുനമസ്കരിച്ചു. എല്ലാവരും കരഞ്ഞു. ഒരുകാലത്തു വെളുത്തു തടിച്ചിരുന്ന രാമൻമേനോൻെറ ഇന്നത്തെ വേഷം "എല്ലും തോലും ചിറകും കൊക്കമിതെല്ലാം നീക്കി നറുക്കിക്കണ്ടാൽ തെല്ലു ഭുജിപ്പാനുണ്ടെന്നുംവരുമില്ലെന്നുംവരു"മെന്നു പറഞ്ഞവിധത്തിലായിരുന്നു. ഈ നാടകം എഞ്ചിനീയരെ ആശ്ചര്യപരതന്ത്രനാക്കി.

കുറെനേരത്തേക്ക് എല്ലാവരും മൌനമവലംബിച്ചു. ഒടുവിൽ ഗോപീനാഥൻ,

"രാമേട്ടൻ ഇത്രയുംകാലം എവിടെയായിരുന്നു"? എന്നു ചോദിച്ചു.

രാ. മേ—ഞാൻ പലദിക്കിലും ചുററിനടന്നു. ഇനി ഇതിലധികം വലയാനൊന്നുമില്ല. അങ്ങിനെ ചുററിത്തിരിയുന്നതിനിടയ്ക്കു ഭാഗ്യവശാൽ ഇന്നലെ ഇവിട

ത്തെ ആസ്പത്രിയിൽ വന്നുചേരാനിടയായി. വല്ല ജോലിയും കിട്ടാൻ വഴിയുണ്ടോ എന്നന്വേഷിച്ചു നടക്കുകയായിരുന്നു. ആരു തരുന്നു, ഈ പാപിക്കു ജോലി. ആസ്പത്രിയിൽ വന്നപ്പോൾ ഗോപിയെപ്പററി പലരും പല പ്രകാരത്തിൽ പ്രശംസിക്കുന്നതു കേട്ടു. ആരേപ്പററിയാണ് അവർ പറയുന്നതെന്ന് ആദ്യം എനിക്കു മനസ്സിലായില്ല. ഞാനങ്ങിനെ നടക്കുന്നതിന്നിടയ്ക്ക് ഒരകത്തിൻെറ ഉമ്മരത്തു ചെന്നപ്പോൾ അതിനകത്തു കട്ടിലിന്മേൽ ഇരുന്നിരുന്ന ഒരു രോഗി എന്നെ സൂക്ഷിച്ചുനോക്കുന്നതു കണ്ടു. അതെൻെറ ഭാര്യയായിരുന്ന ഭാനുമതിയായിരുന്നെന്ന് ഒരൊററ നോട്ടത്തിൽ എനിക്കു മനസ്സിലായി. എന്തോ ഒരു ശക്തി എന്നെ അവളുടെ സമീപത്തേക്കാകർഷിച്ചു. ഞാനറിയാതെതന്നെ അവളുടെ അടുത്തു ചെന്നു. അവൾ എന്നെക്കണ്ടപ്പോൾ പൊട്ടിക്കരഞ്ഞു. ഗോപിയുടെ ചരിത്രമെല്ലാം അവളാണ് എന്നോടു പറഞ്ഞത്. എൻെറ ഓമനക്കുട്ടിയുടെ കഥയും ഞാൻ അവളിൽനിന്നു ഗ്രഹിച്ചു. എൻെറ കഷ്ടപ്പാടിനെക്കുറിച്ചു ഞാൻ അവളോടും പറയേണ്ടായി. അവളുടെ വാക്കിൽനിന്നു ഗോപിയുടെ അടുക്കൽ വന്നാൽ എന്തെങ്കിലും ഒരു നിവൃത്തിയുണ്ടാകുമെന്ന് എനിക്കു തോന്നി. കഴിഞ്ഞ കഥകളോർത്തപ്പോൾ എനിക്കു ഗോപിയുടെ നേരെ വരുവാൻ വലിയ മടി തോന്നിയെങ്കിലും വരാതെകഴിക്കാൻ നിവൃത്തിയില്ലാത്ത ഒരു ഘട്ടത്തിലാണ് ഞാൻ ഇപ്പോൾ എത്തിയിരിക്കുന്നത്. ഇത് ഈശ്വരേച്ഛയാണെന്നു ഞാൻ സമാധാനിച്ചു. ഇന്നു പകൽ മുഴുവൻ ഇവിടെ ഓരോസ്ഥലങ്ങളിൽ നടന്നു ചുററിത്തിരിഞ്ഞു. ആരേയും ഒന്നും അറിയിക്കാതെ ഗോപിയെ നേരിട്ടു കാണണമെന്നായിരുന്നു എൻെറ ആഗ്ര

ഷം. ഒടുവിൽ സന്ധ്യയായപ്പോളാണ് ഇദ്ദേഹത്തിന്റെ സ്ഥലത്തു ചെന്നത്. ഗോപി എനിക്കു മാപ്പുതരണം. കഴിഞ്ഞതൊക്കെ മറക്കണം—

ഗോ. നാ—(രാമൻമേനോന്റെ അനന്തരസംഭാഷണത്തെ തടഞ്ഞുകൊണ്ട്) എന്താ രാമേട്ടാ! ഈ പറയുന്നത്! എന്താ മറക്കാനുള്ളത ? ഒന്നുമില്ല, ഇതു രാമേട്ടന്റെ വീടാണ്. രാമേട്ടന് എന്തെങ്കിലും ഒരു ജോലിയുണ്ടാക്കിത്തരുവാൻ ഞാൻ ശ്രമിക്കാം. നാളെത്തന്നെ സായ്വർകളുടെ മുമ്പാകെ നമുക്കു പോകാം. രാമേട്ടന്റെ ജോലി പോയതെങ്ങിനെയാണ്?

രാ. മേ—കുറെനാൾ എനിക്ക് ആകപ്പാടെ ഒരു സുഖമില്ലായിരുന്നു. പരിചയക്കാരുടെ മുഖത്തു നോക്കാൻപോലും എനിക്കു സാധിക്കാതായി ചുരുക്കത്തിൽ ഞാനൊരു ഭ്രാന്തനെപ്പോലെയായി. ആ ഗഡുവിൽ ഈ ലോകംതന്നെ ഉപേക്ഷിക്കുകയാണ് നല്ലതെന്ന് എനിക്കു തോന്നി. ഉടനെ ഉദ്യോഗം രാജികൊടുത്തു. ഈശ്വരഭജനം തുടങ്ങാമെന്നു നിശ്ചയിച്ച് അമ്പലത്തിൽ പോയി ഭജനം തുടങ്ങി. കുറെക്കഴിഞ്ഞപ്പോൾ എനിക്കു വീണ്ടും ജീവിതത്തിൽ മോഹം ജനിച്ചു വീണ്ടും ഉദ്യോഗത്തിനു ശ്രമിച്ചു പുറപ്പെട്ടു.

രാമൻമേനോന്റെ തൊണ്ടയിടറിയതിനാൽ അനന്തരസംഭാഷണം അസാദ്ധ്യമായിപ്പരിണമിച്ചു. കരഞ്ഞുംകൊണ്ട് അമ്മിണി അമ്മാമനു കാപ്പിതയ്യാറാക്കുവാൻ അടുക്കളയിലേക്കു പോയി.

എഞ്ചിനീയർ—ഈ വിഡ്ഢാന്റെ ഭാര്യ ഇവിടത്തെ ആസ്പത്രിയിലുണ്ടോ? അവക്കെന്താണ് സുഖക്കേട്? അവർ എങ്ങിനെ ഇവിടെ വന്നുചേർന്നു?

ഗോ. നാ—ഇന്നാളൊരുദിവസം ഞാൻ തോട്ട

ത്തിൽ കൂലിക്കാർ ജോലിചെയ്യുന്നതു നോക്കികൊണ്ട് അങ്ങിനെ നടക്കുമ്പോൾ സ്ത്രീകളുടെയിടയിൽ ഒരുത്തി വയ്യാണ്ടിരുന്നു മാറ്റത്തു കയ്യുംവെച്ചു ചുമയ്ക്കുന്നതു കണ്ടു. അടുത്തു ചെന്നു നോക്കിയപ്പോൾ എനിക്കു സംശയം തോന്നി. രാമേട്ടൻെറ ഭാര്യയുടെ ഛായ തോന്നി. ആൾ നന്നെ ക്ഷീണിച്ചിട്ടുണ്ടെന്നുമാത്രം. ഞാൻ മററുള്ള സ്ത്രീകളോടു ചോദിച്ചതിൽ അവൎക്കാൎക്കും ആ സ്ത്രീയുടെ ചരിത്രത്തെപ്പററി യാതൊന്നും അറിഞ്ഞുകൂടെന്നു മനസ്സിലായി. മേസ്ത്രിയെ വരുത്തി ചോദിച്ചു. അയാളും ആളെ അറിയില്ല. വല്ലതും ഒരു ജോലി തരുവിക്കണമെന്നപേക്ഷിച്ചുകൊണ്ടു കുറേദിവസംമുമ്പ് അവർ അയാളുടെ അടുക്കൽ ചെന്നു എന്നും അവരുടെ കഷ്ടസ്ഥിതി കണ്ട് അയാൾ അവരേയും അന്നുമുതൽ കൂലിപ്പണിക്കു ചേൎത്തതാണെന്നും മാത്രമേ മേസ്ത്രിക്കു പറയുവാൻ സാധിച്ചുള്ളു. ഉടനെ ഞാൻ അവരെ ഇവിടയ്ക്കു കൊണ്ടുവരുവിച്ചു. വിവരങ്ങളെല്ലാം ചോദിച്ചു. അപ്പോളാണ് സംഗതികളെല്ലാം മനസ്സിലായത്. ഉടനെ ഞാൻ ആരാണെന്ന് അവരെ മനസ്സിലാക്കുകയും ചെയ്തു. അവൎക്കു ക്ഷയത്തിൻെറ ലക്ഷണമാണ് കാണുന്നതെന്നാണ് ഡോക്ടർ പറഞ്ഞത്.

എഞ്ചി—അപ്പോൾ ഇവർ തമ്മിൽ എങ്ങിനെ പിരിഞ്ഞു?

അതിനു മറുപടി പറയുവാൻ രാമൻമേനോനായിരുന്നു. രാമൻമേൻെറ വാക്കുകളിൽനിന്നു പണ്ടു തൻെറ കൂട്ടുകാരൻ തന്നോടു പറഞ്ഞതെല്ലാം വാസ്തവമാണെന്നു ഗോപീനാഥനു ബോദ്ധ്യംവന്നു.

ഇതിനിടയ്ക്ക് അമ്മിണി കാപ്പികൊണ്ടുവന്നു രാമൻമേനു കൊടുത്തു. ഊണു വേണ്ടെന്നു മേനോൻ പ

റഞ്ഞതിനാലാണ് ചായ തയ്യാറാക്കിക്കൊടുത്തത്. അമ്മിണി കൊടുത്ത ചായ കുടികഴിഞ്ഞപ്പോൾ മേനോൻെറ ക്ഷീണത്തിനല്പം ആശ്വാസം തോന്നി. മേനോൻ അമ്മിണിയുടെ തോളത്തു പിടിച്ച് അടുത്തുനിർത്തിക്കൊണ്ട് "മകനേ! അമ്മാമൻ ചെയ്തതൊക്കെ മറക്കണം കേട്ടോ" എന്നപേക്ഷിച്ചു.

എഞ്ചി—ഇതെല്ലാം ഒരു നാടകംപോലെ തോന്നുന്നു. നിങ്ങളെല്ലാവരേയും ഈശ്വരൻ ഒടുക്കം ഒരേസ്ഥലത്തു കൊണ്ടുവന്നെത്തിച്ചതാണ് അത്ഭുതം!

ഗോ. നാ—എല്ലാം അത്ഭുതംതന്നെ. ലോകത്തിൽ നടക്കുന്നതു സകലതും.

* * * * *

പിറേറദിവസം ഗോപീനാഥൻ രാമൻമേനോനേയും കൂട്ടിക്കൊണ്ടു സായ്പിൻെറ അടുക്കൽ ചെന്നു. മേനോൻെറ ചരിത്രമെല്ലാം ചുരുക്കിപ്പറഞ്ഞു. എസ്റ്റേററിൽ ഏതുജോലിക്കും ആരേയും നിയമിക്കുവാനുള്ള അധികാരം ഗോപീനാഥനുണ്ടായിരുന്നെങ്കിലും രാമൻമേനോൻ സ്വന്തം ആളായിരുന്നതുകൊണ്ട് ആ ഒരു കാര്യത്തിൽ സായ്പവർകളോടു ചോദിക്കാതെ യാതൊന്നും പ്രവർത്തിച്ചുകൂടെന്നു തീർച്ചയാക്കിയാണ് ഗോപീനാഥൻ സായ്പവർകളെ ചെന്നുകണ്ടത്. രാമൻമേൻെറ ഉദ്യോഗം സായ്പുതന്നെ തീർച്ചയാക്കി. എസ്റ്റേററിലെ ഒരു ഉയന്ന ഉദ്യോഗംതന്നെ രാമൻമേനു കൊടുത്തു. സ്ഥാനത്തിനടുത്ത ഒരു തുക ശമ്പളവും നിശ്ചയിച്ചു.

ഭാനുമതിയമ്മയുടെ (ഇനി അങ്ങിനെതന്നെ പറയേണ്ടിയിരിക്കുന്നു) സുഖക്കേട് അന്നുമുതൽ ഭേദമായിത്തുടങ്ങി. അല്പകാലത്തിനിടയ്ക്ക് അവരെ ആസ്പത്രിയിൽ

നിന്നു പറഞ്ഞയച്ചു. ആ സ്ത്രീയുടെ സ്വഭാവം പണ്ടത്തേതിൽനിന്ന് എത്രയൊ വ്യത്യാസപ്പെട്ടുകഴിഞ്ഞിരിക്കുന്നു. തന്റെ ശേഷിച്ച ജീവിതം ആതുരശുശ്രൂഷയ്ക്കായി വിനിയോഗിക്കണമെന്നാണ് ആ സ്ത്രീ തീരുമാനിച്ചിരിക്കുന്നത്. അതിലേക്കു ശമ്പളമൊന്നും കൂടാതെ അതേ ആസ്പത്രിയിൽതന്നെ അവരെ നിൎത്തിയാൽകൊള്ളാമെന്ന് അവർ അപേക്ഷിക്കയും ആ അപേക്ഷ സ്വീകരിക്കപ്പെടുകയും ചെയ്തു. അവരുടെ ഇഷ്ടം ഏതോ അതായിരുന്നു അവരെ സംബന്ധിച്ചിടത്തോളം ഗോപീനാഥന്റെയും ഇഷ്ടം. അന്നന്നു നടക്കുന്ന സകലവിവരങ്ങളും ഗോപീനാഥനും അമ്മിണിയും ലക്ഷ്മിക്കുട്ടിയമ്മയെ ധരിപ്പിച്ചിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. രാമൻനായരാണ് ബംഗ്ലാവിലെ പ്രധാന ഭൃത്യൻ—അല്ല—കാൎയ്യസ്ഥൻ. അയാളുടെ സുഖക്കേടും കാലാന്തരത്തിൽ ചികിത്സയൊന്നുംകൂടാതെതന്നെ ഭേദമായി. രാമൻനായരുടെ സുഖക്കേടിനു കാരണം രാമൻമേനോന്റെ ചവിട്ടായിരുന്നെങ്കിൽ ഭാനുമതിയമ്മയുടെ സുഖക്കേടിനു കാരണം സുബ്രഹ്മണ്യവർകളുടെ ചവിട്ടായിരുന്നു. ആ സ്ത്രീയെ സൎവ്വവും നശിപ്പിച്ചു നാടുകടത്തിയ സുബ്രഹ്മണ്യവർകൾ പ്രമേഹരോഗത്തിന്നിരയായി വളരെനാൾ കഷ്ടപ്പെട്ടതിനു ശേഷം അകാലമൃതിയടയുകയാണുണ്ടായത്. ഈ വിവരങ്ങൾ ഒരു പത്തുകൊല്ലം കഴിഞ്ഞു ഗോപീനാഥൻ അമ്മിണിക്കുട്ടിയുമൊരുമിച്ച് അവരുടെവകയായി 'ശിവശങ്കരവിലാസ്' എന്നപേരിൽ സ്വദേശത്തു സ്ഥാപിക്കപ്പെട്ടിരുന്ന അനാഥമന്ദിരം സന്ദർശിക്കുവാൻ പോയ അവസരത്തിൽ അവിടത്തുകാർ പറഞ്ഞറിഞ്ഞതാണ്. ഗോപീനാഥന്റെ സമ്പാദ്യത്തിൽ പ്രധാനഭാഗവും രാമൻമേനോന്റെ സമ്പാ

ദ്ര്യം മുഴുവനും ആ അനാഥമന്ദിരത്തിലേക്കുവേണ്ടി നീക്കിവെക്കുകയാണു് ചെയ്തതു്. കാമനയുടേയും സായ്പവർകളുടേയും വക വത്സരസംഭാവനകളും പതിവുണ്ടായിരുന്നു. ആ അനാഥമന്ദിരം ഗോപിനാഥൻേറയും അദ്ദേഹത്തിൻെറ പിതാവായ ശിവശങ്കരപ്പിള്ളയുടേയും സ്മാരകസ്തംഭമായി ഇന്നും പരിലസിക്കുന്നുണ്ടാവണം.

എം. ജി. കൃഷ്ണമേനോൻ.

## ചരമം

കവിതയുണ്ടാക്കി പണ്ഡിതന്മാരേയും പാമരന്മാരേയും ഒരുപോലെ രസിപ്പിക്കാൻ ശേഷിയുണ്ടായിരുന്നവരാണു് പൂന്തോട്ടത്തു നമ്പൂരി, വെണ്മണിനമ്പൂരിപ്പാടന്മാർ, ശീവൊള്ളി നമ്പൂരി മുതലായവർ. അവരേക്കാൾ ഒട്ടും താഴെയല്ലാത്ത ഒരു നിലയിൽ സ്ഥിതി ചെയ്ത ഭാഷാകവികളുടെ പ്രശംസക്കു പാത്രീഭവിച്ച അനുഗ്രഹീത കവിയാണു് പെട്ടരഴിയം രാമനെളയതു് എന്ന സംഗതി ലക്ഷ്മീഭായിവായനക്കാരോളം മററാക്കും അറിവുണ്ടാകുമെന്നു തോന്നുന്നില്ല. സംഗീതത്തിലും സാഹിത്യത്തിലും നാട്യകലയിലും അവശ്യം ആവശ്യമായ ജ്ഞാനം സമ്പാദിച്ചിരുന്നതിനാൽ ലോകരെ രസിപ്പിക്കുന്നതിന്നു് ഇദ്ദേഹത്തിന്നുണ്ടായിരുന്ന സാമത്ഥ്യം ഒന്നു വേറേതന്നെയായിരുന്നു. അപ്രസിദ്ധങ്ങളായ സംസ്കൃതപദങ്ങൾ അസ്ഥാനങ്ങളിൽ കുത്തിച്ചെലുത്തി വായനക്കാരെ കഷ്ണിപ്പിക്കുകയും മുഷിപ്പിക്കുകയും ചെയ്യുന്ന സമ്പ്രദായം ഈ ഭാഷാകവിയുടെ കൃതികളിൽ മഷിയിട്ടുനോക്കിയാൽക്കൂടി കാണുന്നതല്ല. സംസ്കൃതഭാഷാവ്യുൽപത്തിയില്ലാതെ

തന്നെ ഭാഷയിൽ പ്രൌഢങ്ങളായ കവിതകളുണ്ടാക്കാമെന്നു ദൃഷ്ടാന്തപ്പെടുത്തിയ വശ്യവാക്കാണ് വിശ്രുതനായ ഈ സൽക്കവിവൎയ്യൻ. ചില കവിതക്കാർ ഫലിതത്തിന്നുവേണ്ടി രസം കളഞ്ഞുകുളിക്കുന്ന പതിവ് ഈ വന്ദ്യകവി അനാദരിക്കയാണ് ചെയ്തിട്ടുള്ളത്. കവിതയുണ്ടാക്കി ഫലിപ്പിക്ക, ചൊല്ലി ഫലിപ്പിക്ക, അൎത്ഥം പറഞ്ഞു ഫലിപ്പിക്ക ഇങ്ങിനെ മൂന്നുവിധത്തിലുമുള്ളതു മുഴുവൻ ഈ സൽക്കവിക്കു സാദ്ധ്യമായിരുന്നു. രത്നം തങ്കത്തിൽ പതിച്ചാൽ പ്രഭ കൂടുന്നതുപോലെ ശ്രീമഹാഭാരതം ഭാഷപ്പെടുത്തിയ ആ കവിവീരന്റെ ശിക്ഷാവിശേഷത്താലും കവിസാൎവ്വഭൌമനായ മഹാമഹിമശ്രീ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സിലെ അമൂല്യങ്ങളായ ഉപദേശങ്ങളാലും എന്നുവേണ്ട കേരളത്തിലെ കേളികേട്ട കവികളുടേയും കാവ്യമൎമ്മജ്ഞന്മാരുടേയും ഇന്ദുലേഖാകൎത്താവായ ഒ. ചന്തുമേനോൻ മുതലായവരുടേയുംസാഹചൎയ്യത്താലും ഒരു ഒന്നാംകിട കവിയും ഫലിതം പറയുന്നതിൽ അദ്വിതീയനുമായിത്തീൎന്ന ഈ ജന്മകവി ഗുരുവായൂരപ്പന്റെ പരമഭക്തനായിരുന്നിട്ടും വാതരോഗത്താൽ കുറച്ചുകാലം വിശ്രമിക്കേണ്ടിവന്നപ്പോൾ ആ ദേവനിൽ പൂൎവ്വാധികം ഭക്തി ജനിക്കുകയും ൧൧൧൦ കൎക്കടകമാസം ൩-ാംനു രാത്രി ഉദ്ദേശം ഏഴുമണി സമയം കവിതക്കാരായ തന്റെ മക്കളേയും അവരുടെ ധൎമ്മപത്നിമാരേയും പൌത്രരേയും പ്രാണാധികപ്രിയതമയായ ആ സാധ്വിയേയും കണ്ടാനന്ദിച്ചും അവരെയെല്ലാം അനുഗ്രഹിച്ചും അറുപത്തെട്ടാമത്തെ വയസ്സിൽ അനായാസേന പരലോകം പ്രാപിച്ച വിവരം ലക്ഷ്മീഭായിവായനക്കാരെ ഹൃദയവേദനയോടുകൂടി അറിയിച്ചുകൊള്ളുന്നു. ൧൧൦൭ കൎക്കടകം ലക്കം ലക്ഷ്മീഭാ

യിയിൽ ഈ വന്ദ്യകവിയുടെ ഷഷ്ടിപൂർത്തിയെപ്പററി സ്വ ല്പം പ്രസ്താവിച്ചിട്ടുള്ളതിൽ കൂടുതലായി ഒന്നുംതന്നെ കുറിക്കുവാൻ തിങ്ങിപ്പൊങ്ങിവരുന്ന ദുസ്സഹാസ്ഥ്യവും ഹൃദയശല്യവും ഞങ്ങളെ ശക്തരാക്കുന്നില്ല. പണ്ഡിതന്നിൎദ്ധനത്വം എന്ന ദോഷം ഇദ്ദേഹത്തെ മരണംവരെ പിടിപെട്ടിരുന്നുവെങ്കിലും ആ കോട്ടം അതിഥിസൽക്കാരത്തിലൊ ഔദാൎയ്യവിശേഷത്തിലൊ ലേശംപോലും കാണിച്ചിരുന്നില്ല. സ്വജാതിക്കാരിലും വിജാതിക്കാരിലും ഒരു നല്ല പ്രമാണിയായിരുന്നതിനാൽ എവിടെച്ചെന്നാലും ഇദ്ദേഹത്തിന്നു മാന്യസ്ഥാനം ലഭിച്ചിരുന്നു. തലനിറച്ച കുടുമ്മ; മറക്കാൻ കഴിയാത്ത ഓൎമ്മ; കാരുണ്യം പൊഴിയുന്ന നേത്രം; സൌഭാഗ്യമേറുന്ന ഗാത്രം; മുല്ലമൊട്ടൊത്ത പല്ല്; നല്ല ഫലിതം കോലുന്ന ചൊല്ല് ഇങ്ങിനെ പറവാൻ പുറപ്പെട്ടാൽ അവസാനിക്കാത്തതുകൊണ്ടു ഞങ്ങളുടെ മാന്യസുഹൃത്തു വൈകുണ്ഠമേറി പരിലസിക്കുന്നതിന്നു ഞങ്ങൾ പരാശക്തിയെ പ്രാൎത്ഥിച്ചുകൊള്ളുന്നു.

---

## ചരമശ്ലോകങ്ങൾ

---

കള്ളക്കൎക്കിടകമേ! ചതിച്ചു, ഫലിത-
  ച്ചൊല്ലേ! നിനക്കാരിനി-
ക്കൊള്ളത്തക്കൊരു ബന്ധു! ഹന്ത! കവിത-
  ക്കാരേ! കരഞ്ഞീടുവിൻ,
ഉള്ളത്തിന്നുണൎവ്വുള്ള 'പെട്ടരഴിയം
  രാമൻ' കനിഷ്ഠദ്വിജൻ
കൊള്ളക്കാരിൽ മികച്ച ദുൎവ്വിധിവശ-
  ത്തായീ കഴിഞ്ഞൂ കഥ.

'നാട്ടം കെട്ട സമ'ത്ഥനായ കവിയും
പൊയ്പ്പോയി ദുർദ്ദൈവമേ!
ചോട്ടംമേലുമറിഞ്ഞിടാത്ത ഹൃദയം
നൽ 'കക്കിടാ'ഗ്രം തവ
പാട്ടം ചാരണരി മഹാൻെറ പുകൾത്തോൻ
നാൾ'തോറുമെന്നാലിനി-
ക്കൂട്ടം വെണ്മണിതൊട്ടകൂട്ടരൊരുമി-
ച്ചെന്തോഴരയ്യാരസം. ൨

മരിച്ചതോഴൻെറ വപുസ്സിൽനിന്നു വേർ-
പിരിഞ്ഞൊരാത്മാവിനു നിത്യശാന്തി നീ
തെരിക്കനെച്ചേക്കുക ചിദ്രസം കല-
ന്നിരിക്കുമാക്കൺമുനകൊണ്ടു കേശവ! ൩

നടുവത്തു മഹൻനമ്പൂരി.

കോളംബാബ്ദമൊരായിരത്തൊടൊരുനൂ-
റൊത്തത്ര പത്തും പരം
മേളിച്ചീടിന കക്കിയിൽദ്ദിവസമാ-
റായുള്ളൊരാ രാത്രിയിൽ
കേളിക്കാസ്പദമായ പെട്ടരഴിയ-
ത്തച്ഛൻ കവീന്ദ്രൻ വിധി-
ക്കോളിൽപ്പെട്ടിള വിട്ടിളേത്തു സരസൻ
ദ്ദ്യോവേറി രാമാഹ്വയൻ. ൧

കോവിദനായ്‌ബ് ഭുവി വാണോ-
രി വിദ്വാനിൽക്കനിഞ്ഞു ലോകേശൻ
ആവിലഭാവം നീക്കി-
ദ്ദ്യോവിലുമെന്നും കൊടുത്തിടട്ടെ സുഖം. ൨

കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി.

'പാവങ്ങളിലദയൻ' കലി
ഹാ! വഞ്ചനചെയ്തു 'നാട്ടുകേട'ണ്ടു;
ആ വലിയ രാമനിളയതു
ജീവൻ കൈവിട്ടു; കവിത ഗതികെട്ടു. ൧

സാഹിത്യാരാമലക്ഷ്മിക്കൊരു തൊടുകുറിയായ്,
    വാസനാകർഷണത്താൽ
മോഹിക്കും ലോകഭൃംഗങ്ങളെ മധുരഫലാ-
    സ്വാദസമ്പ്രീതരാക്കി
സ്നേഹിപ്പിച്ചെപ്പൊഴും തൻനിലയി 'ലിളയതാം'
    ചൂതമൊന്നുല്ലസിക്കേ
ദ്രോഹിപ്പാൻ ദുർവ്വിധിക്കാററതി 'നവകട'മാ-
    ണ്ടെത്തി നഷ്ടപ്പെടുത്തി. ൨

പി. വി. കൃഷ്ണവാരിയർ.

'പൂവിൻമേളിലജസ്സ്'നായരുളുമപ്പൗരാ-
    ണികൻതൻ മുഖ-
ത്താവിർമ്മോദമുദിച്ചവാങ്ങ് മധു കുടിച്ചാ-
    .നന്ദസമ്പൂർണ്ണനായ്
ഭൃവാകെപ്പുകൾ ചേർത്ത പെട്ടരഴിയം
    രാമാഖ്യനാസ്സൽക്കവി-
ശ്രീ വാസ്സുന്നവനും വിധിച്ചു വിധി ഹാ!
    വൈധർമ്മ്യമാ ജീവിതം.

എം. വിരൂപാക്ഷൻനമ്പൂരി.

ആറാംതിയ്യതി കർക്കടത്തിൽ മറയും
    മാർത്താണ്ഡനെന്നസ്സമായ്
മാറാത്തുള്ളിരുളല്ലി ചേർത്തു? പരമി-
    ങ്ങ് ഭാഷാനഭോമണ്ഡലേ
പേറാവല്ലുഴലന്നു സൽഫലിതസമ്പൂ-
    ർണ്ണൻ. സുഗോപ്രാഭവൻ
വേറായ് സൂര്യസമാനപെട്ടരഴിയം
    രാമൻ കവീന്ദ്രൻ ഭുവി.

പാലിയത്ത് ഓമനക്കുഞ്ഞമ്മ.

## മാതൃകാമാതാവ്
(തുടച്ച്)

തലമുടി, നഖം, പല്ലുകൾ മുതലായവ ശുചിയാക്കി വെക്കുന്നതിലും നാം പ്രത്യേകം ശ്രദ്ധപതിക്കണം. തലമുടി ദിവസവും ചീപ്പുകൊണ്ടു ചീകുകയും ബ്രഷ്കൊണ്ടു തുടച്ചു വൃത്തിയാക്കുകയും ചെയ്താൽ മാത്രമേ അതിനു ശരിയായ വളച്ച് ഉണ്ടാകയുള്ളൂ. നനവും എണ്ണയും കൂടിക്കലൎന്നു ശരിയായി ഉണങ്ങാതെയിരിക്കുമ്പോൾ അതിനു ദുൎഗ്ഗന്ധം ഉണ്ടാകുന്നു. തലമുടി നല്ലവണ്ണം മെഴുക്കും അഴുക്കും കളഞ്ഞു സൂൎയ്യപ്രകാശം തട്ടിച്ച് ഉണക്കണം. ദേഹത്തിൽ ശരിയായുള്ള അളവിൽ ലോഹസാധനങ്ങൾ എല്ലാം ഉള്ളപക്ഷം തലമുടിക്കു കേടുണ്ടാകുന്നതല്ല. ആരോഗ്യത്തിനു ഹാനി ഉണ്ടാകുമ്പോൾ തലമുടിയും കൊഴിഞ്ഞു തുടങ്ങും. തലമുടി ധാരാളമുള്ളവർ കൂടക്കൂടെ താളിയും സോപ്പും മററും ഉപയോഗിച്ച് അതിനെ അഴുക്കുകളഞ്ഞു സൂക്ഷിക്കാഞ്ഞാൽ ശിരസ്സിൽ പേൻ തുടങ്ങിയുള്ള ക്ഷുദ്രജീവികൾ വൎദ്ധിക്കുകയും, ചൊറി ചിരങ്ങുകൾ ഉണ്ടാകുകയും ചെയ്യുന്നതാണ്. ചെറിയകുട്ടികളുടെ മുടി അധികം വളൎത്താതെ മുറിച്ചുകളഞ്ഞു വൃത്തിയായിട്ടു സൂക്ഷിക്കുന്നതാണ് എളുപ്പം. ആരോഗ്യത്തെപ്പററി പ്രത്യേകം ശ്രദ്ധ ഉണ്ടായിരുന്നാൽ തലമുടിക്കും ഹാനി ഉണ്ടാകുന്നതല്ല. തലമുടിയെ പല ദേശക്കാരും ഒരു വിലയേറിയ സ്വത്തായി കരുതുന്നു. ബൎമ്മയിലുള്ള സ്ത്രീകൾ വെളിച്ചെണ്ണ പുരട്ടി തലമുടി ചീകി മിനുസമാക്കി ശിരസ്സിന്റെ മദ്ധ്യഭാഗത്തു വട്ടത്തിൽകെട്ടിവെക്കുന്നു. ഈ വിഷയത്തിൽ ഇവർ പ്രത്യേകം ശ്രദ്ധകാണിക്കുന്നു. നമ്മുടെ നാട്ടിൽ ഉള്ളവർ പണ്ടുപണ്ടേ കേശഭാരത്തിനു പ്രസിദ്ധിയുള്ളവരായിരുന്നു. എന്നാൽ ഇക്കാലത്തു കേശക്ഷാമം വൎദ്ധിച്ചുതന്നെവരുന്നു. ഇതു ശ്രദ്ധക്കുറവുകൊണ്ടുതന്നെ ആയിരിക്കാം. അതിനാൽ ഈ വിഷയത്തിൽ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പരവൂർ എൻ. പൊന്നമ്മ.

# ഭക്തിലഹരി

---

കൎമ്മത്തിന്നു പലേതരം ഫലമുര-
    ച്ചീടുന്നു വേദങ്ങൾ നാം
കൎമ്മത്തിന്നടിമപ്പെടാൻ, ഫലമിര-
    ന്നീടാതെ കൎമ്മങ്ങളെ
ജന്മംതൊട്ടു മുറയ്ക്കു ചെയ്തഖിലരും
    നൈഷ്കൎമ്മ്യമാൎന്നാൽ സുഖം,
ബ്രഹ്മപ്രാപ്തി ദൃഢം, ഫലശ്രുതിയിൽ നോം
    ശ്രദ്ധിക്കുകിൽ ചുററിടും. ൧

മക്കൾക്കോക്കു ഗദം കുടിപ്പതിനു നാ-
    മുത്സാഹമുണ്ടാകുവാൻ
കല്ക്കണ്ടം ചെറുതേകിയാൽ ബഹുരസം
    മോന്തും മരുന്നാവിധം
ചിക്കന്നോക്കണമാഫലശ്രുതിയെയെ-
    ന്നുച്ചത്തിലോതുന്നു ഞാൻ
തൎക്കം വേണ്ടൊടുവിൽ സുഖം സുലഭമാ-
    പ്പൈതങ്ങളെപ്പോലെതാൻ. ൨

എന്നാൽ മാമറയാൽ തടഞ്ഞവയിൽ നാം
    ചിത്തത്തിനും വാക്കിനും
ചെന്നാടാനിടയാക്കിടാതെ വളരെ-
    സ്സൂക്ഷിച്ചിരുന്നീടണം
ഇന്നോൎക്കാതരുതാത്ത കൈ പിണയുകിൽ
    പശ്ചാത്തപിച്ചാൎത്തനായ്
നിന്നോത്തിൻപൊരുളാം വിരാൾപുരുഷനിൽ
    സൎവ്വം സമൎപ്പിക്കണം. ൩

ചൊല്ലാം താന്ത്രികമായ കൎമ്മവിധിയെ-
    ക്കല്ലിങ്കലൊ മണ്ണിലൊ
ചൊല്ലാളും ഹൃദയത്തിലോ സുഖദനെ-
    ന്നോൎക്കുന്നൊരാ മൂൎത്തിയെ

ഉല്ലാസാൽ കുടിവെച്ച പുഷ്പജലഗ-
ന്ധാദ്യം നിവേദ്യാദികം
നല്ലാവേശമിയന്നു ഭക്തിയിളകി-
ക്കൈക്കൊണ്ടു പൂജിക്കണം. ൮

പിന്നെമ്പ് ഭക്തിയൊടോൎത്തുകൊള്ളണമിതാ-
ണാനന്ദസംപൂൎണ്ണമാ-
യെന്നെന്നും പുകഴുന്ന വസ്തു ജഗദാ-
ലംബം ജഗന്മംഗളം
എന്നേക്കോളിളകും ഭവാബ്ധിയിലിറ-
ക്കാതെന്നപേക്ഷിക്കണം
തന്നെത്താനറിയേണമിങ്ങിനെ നമു-
ക്കൊത്തെങ്കിലെല്ലാം സുഖം. ൯

തിക്കാരംകളയും ശ്രുതിസ്മൃതിപുരാ-
ണാദ്യങ്ങൾ സൎവ്വാത്മനാ
നോക്കാൻകൂടിയനഹരായ കിഴുജാ-
തിക്കാരധഃപാതികൾ
ഇക്കാലം ഗതികെട്ടകൂട്ടരവരേ
നന്നാക്കുവാൻ സൎവ്വഥാ
നോക്കാം നോക്കിതദൃഷ്ടകൎമ്മഫലമാം
സൂക്ഷിക്കണം നൊമ്മളും. ൰

ഈ മന്നിൽ പുകഴും പഠിപ്പുമറിവും
കൎമ്മങ്ങൾ ചെയ്തീടുവാൻ
സാമൎത്ഥ്യത്തികവും കലൎന്ന മറയോർ
ദൈവത്തൊടൊത്തുള്ളവർ
ഹോമം മന്ത്രജപം നമസ്കൃതി മഹാ-
യജ്ഞങ്ങൾ വിത്താൎത്ഥമായ്
കാമംപോലെ നടത്തിടുന്നു വെറുതേ
പേരിന്നഹോ! സങ്കടം. ൧

എന്നല്ലാത്മഗതിക്കവർക്കു വഴിയി-
ല്ലിന്നാഭിജാത്യത്തിനാൽ
തന്നെത്താൻ ഞെളിവും മനസ്സിൽ മദവും
പുറത്തിൽ വൈദുഷ്യവും
അന്നന്നങ്ങിനെ വാച്ചവർക്കറിവുമീ-
ക്കർമ്മങ്ങളും വ്യത്ഥമാ-
യ്മന്നന്മാർ വലയുന്നു നോക്കിതുവിധം
പററാതെ സൂക്ഷിക്കണം. ൭

ഇക്കള്ളന്റെ ജപങ്ങളും കുളിയുമാ-
ക്കൊള്ളരുതു ലാക്കോൎക്കയാ-
മിക്കമ്പം തുടരും പ്രസംഗമിവിടെ-
ജ്ജാലിക്കുമഹോ! വിഘ്നമായ്
വക്തത്തൊററാരിവന്റെ ഭാഗവതവും
ഗീതാൎത്ഥവും കേട്ടെനി-
ക്കുററംകണ്ടുന്നു മുഷിഞ്ഞുവെന്നരുളുമാ-
വൎഗ്ഗത്തെ വൎജ്ജിക്കണം. ൮

മാനത്തിൽ കൊതി,യാഭിജാത്യ,മധികം
സമ്പാദ്യമെന്നിത്തരം
ധ്യാനംകൊണ്ടിളകിസ്സനാതനപദം
ധ്യാനിച്ചിടാത്തുഴിയിൽ
ഏനസ്സേററവരെന്തുചെയ്തിടുകിലും
ദുഷ്കർമ്മമാമഹ്ഫലം
താനത്യന്ത,മിതിന്റെ വാസനപെടും
ജന്മാന്തരത്തിങ്കലും. ൯

ഇമ്മന്നിൽ സമബുദ്ധി, ഭ്രതദയതാ-
നെല്ലാരിലും താഴെയാ-
ണിമ്മട്ടുള്ള വിനീതി,യീശചരനില-
ത്യന്തം ഭയം സവ്വദാ

കമ്മം ചെയ്യണമീനിലയ്ക്കഖിലവും
ദൈവത്തിലപ്പിക്കണം
ശമ്മം നോക്ക തരും ചരാചരമയൻ
രക്ഷയ്ക്കു ദീക്ഷിപ്പവൻ. ൧൧

നടുവത്തു മഹൻനമ്പൂരി.

## പുസ്തകാഭിപ്രായം

### മരണലക്ഷണങ്ങൾ

മരണത്തെപ്പററി വിവരമില്ലാത്തതുകൊണ്ടാണ മനുഷ്യർ പ്രപഞ്ചരംഗത്തിൽ കളിയാടിക്കൊണ്ടിരിക്കുന്നത്. അതിന്നു തടസ്സം വരാതിരിക്കാനായിരിക്കണം പൂവ്വവൈദ്യന്മാർ തങ്ങളുടെ ശിഷ്യന്മാരെ 'വികൃതിവിജ്ഞാനീയം' പഠിപ്പിക്കാത്തത്. കാലമൃത്യുവിനെക്കുറിച്ചല്ലാതെ അപമൃത്യുവിനെക്കുറിച്ചു വൈദ്യന്മാക്കറിയാൻ സാധിക്കുന്നതല്ല. അപമൃത്യുജ്ഞാനം ജ്യോതിശ്ശാസ്ത്രവിശാരദന്മാക്കേ ഉണ്ടായിരിക്കയുള്ളു. ആയുയ്യോഗപ്രകരണവും വികൃതിവിജ്ഞാനീയവും രണ്ടുംകൂടി ധരിച്ചിട്ടുള്ളവനാണ് മരണലക്ഷണം പറയുന്നവരിൽ അഗ്രഗണ്യൻ. ഈ ചെറിയ പുസ്തകത്തിൽ മേൽപറഞ്ഞ രണ്ടു ശാസ്ത്രങ്ങളിൽനിന്നും ലക്ഷണശ്ലോകങ്ങളും അവയുടെ ലളിതങ്ങളായ ഭാഷാവ്യാഖ്യാനവും ചേത്തിട്ടുള്ളതിനാൽ സംസ്കൃതഭാഷാജ്ഞാനം ലേശംപോലുമില്ലാത്ത മലയാളികൾക്കുകൂടി ശ്ലോകാത്ഥം അനായാസേന ധരിക്കാൻ കഴിയുന്നതാണ്.

ഉപകാരപ്രദങ്ങളായ അനേകം സൽഗ്രന്ഥങ്ങൾ വ്യാഖ്യാനസഹിതം പ്രസിദ്ധപ്പെടുത്തി പേരു കേട്ട ബ്രഹ്മശ്രീ കാണിപ്പയ്യൂർ ശങ്കരൻനമ്പൂരിപ്പാടവർകൾതന്നെയാണ് ഈ വിശിഷ്ടപുസ്തകത്തിന്റേയും വ്യാഖ്യാതാവെന്നു ഞങ്ങൾ സന്തോഷസമേതം പ്രസ്താവിച്ചുകൊള്ളുന്നു. കുണ്ഡംകളം പഞ്ചാംഗം അച്ചുകൂടത്തിൽ ഭംഗിയായി

അച്ചടിച്ചിട്ടുള്ള പ്രകൃതപുസ്തകത്തിന് ആറണ വില വെച്ചിട്ടുള്ളത് ഒട്ടുംതന്നെ അധികമായിട്ടില്ല.

വ്യാഖ്യാതാവിന്റെ പരിശ്രമത്തെ അഭിനന്ദിക്കത്തക്ക ശക്തി ഭാഷാപരിഷ്കരണസംഘത്തിന്നരുളുന്നതിന്നു ഞങ്ങൾ സർവ്വേശ്വരിയെ ഹൃദയപൂർവ്വം പ്രാർത്ഥിച്ചുകൊള്ളുന്നു.

മാർത്താണ്ഡവർമ്മാ (സംഗ്രഹം)

മാർത്താണ്ഡവർമ്മ എന്ന ആഖ്യായികയുടെ ഗുണഗണങ്ങളെക്കുറിച്ച് അഭിജ്ഞന്മാർ അളവില്ലാതെ ഇന്നും അഭിനന്ദിച്ചുപോരുന്നതിനാൽ അതിനെക്കുറിച്ച് ഇവിടെ എന്തെങ്കിലും പറവാൻ പുറപ്പെട്ടാൽ അതു ചർവ്വിതചർവ്വണമായി പരിണമിക്കാനേ വഴിയുള്ളു. അല്പജ്ഞന്മാർക്ക് ആ വിശിഷ്ടകൃതിയുടെ ഗുണങ്ങൾ ആസ്വദിക്കത്തക്കവണ്ണമല്ല, അതിലേയെന്നല്ല, അതിന്റെ കർത്താവായ സി. വി. രാമൻപിള്ള അവർകളുടെ കൃതികളിലേയെല്ലാം, ഭാഷാരീതിയെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. അതിനാൽ ഭൂരിപക്ഷജനങ്ങളുടെ ആവശ്യാർത്ഥം പ്രസിദ്ധപ്പെട്ട പുസ്തകശാലാപ്രവർത്തകന്മാരായ തിരുവനന്തപുരം 'കമലാലയ' അച്ചുക്കൂടക്കാർ പേരുകേട്ട സാഹിത്യകാരനായ ശ്രീമാൻ കുന്നത്തു ജനാർദ്ദനമേനോൻ (ഇപ്പോൾ കണ്ണൻ ജനാർദ്ദനൻ) അവർകളെക്കൊണ്ടു സാക്ഷാൽ മാർത്താണ്ഡവർമ്മയെ സംഗ്രഹിച്ച് എഴുതിപ്പിച്ചിട്ടുള്ളതാണ് പ്രകൃതഗ്രന്ഥം.

മൂലഗ്രന്ഥത്തിലെ ഏതെങ്കിലും ഒരു പദത്തിന്നു സ്ഥാനഭ്രംശം വരുത്തുന്നതായാൽ അർത്ഥത്തിന്നും രസത്തിന്നും ഹാനിവരത്തക്കവണ്ണം അത്ര നിഷ്കർഷിച്ചിട്ടാണ് മൂലകാരൻ ഗ്രന്ഥനിർമ്മാണം ചെയ്തിരിക്കുന്നത്. ചുരുക്കിപ്പറയുന്നതായാൽ ശ്രീകാളിദാസരുടെ രഘുവംശാദി കൃതികളെപ്പോലെതന്നെ അങ്ങിനെയുള്ള ഒരു മഹാകാവ്യമെടുത്തു രസവിഛിത്തി വരുത്താതെ കഠിനങ്ങളായ വാക്യങ്ങൾക്കു മയം വരുത്തി അല്പജ്ഞന്മാർക്കും

ആകർണ്ണം—ആനാസം—ആസ്വാദിക്കത്തക്കവണ്ണം വിരചിച്ച ഈ സംഗ്രഹകാരന്റെ മനോധർമ്മത്തേയും ഭാഷാസ്വാധീനതയേയും എത്രതന്നെ പ്രശംസിച്ചാലും പോരാതെ വരികയേയുള്ളു.

സംഗ്രഹരീതി സകലഭാഷകളിലുമുണ്ട്. ഇംഗ്ലീഷു ഭാഷയിലേപ്പോലെ ഇതരഭാഷകളിൽ അത്ര ധാരാളമായിട്ടില്ല. ലോകഗുരു തുഞ്ചത്താചാര്യസ്വാമികളും ജന്മകവി കല്ക്കുളത്തു കുഞ്ചൻനമ്പ്യാരും ഈ രീതി പ്രയോഗിച്ചിട്ടില്ലെന്നു പറഞ്ഞുകൂടാ. അതു കണ്ടുപിടിച്ചു രസിക്കത്തക്കവണ്ണമുള്ള ജ്ഞാനം പ്രായേണ ജനങ്ങൾക്കൊട്ടില്ലതാനും. ചുരുക്കിപ്പറയുന്നതായാൽ സംഗ്രഹകാരന്മാരിൽ 'ആദിത്വം' കുന്നത്തു ജനാർദ്ദനമേനോനവർകൾ സ്വപ്രയത്നംകൊണ്ടു കരസ്ഥമാക്കിയിരിക്കുന്നു എന്ന സംഗതി ഞങ്ങൾ ആഹ്ലാദപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു.

ഉചിതമാർഗ്ഗങ്ങൾ തേടിപ്പിടിക്കുന്നതിലുള്ള, കമലാലയ മുദ്രാലയം മാനേജരും ഈ പുസ്തകത്തിന്റെ പ്രസാധകനുമായ, ശ്രീമാൻ പി. നാരായണൻനായരവർകളുടെ പരിശ്രമം വിലയററതാകുന്നു. വില പന്ത്രണ്ടണ.

പുവർപ്പന്ത്രാംഗങ്ങൾ.

൧. ബി. വി. ബുക്കഡിപ്പോ തിരുവനന്തപുരം, തൃശ്ശിവപേരൂർ.

൨. കമലാലയ ബുക്കഡിപ്പോ, തിരുവനന്തപുരം.

ഇതുകളിൽ ഒന്നാമത്തേതു ഭാഷാപോഷണാർത്ഥം ആജീവനാന്തം അക്ഷീണപരിശ്രമം ചെയ്ത കെ. എസ്. രാമമേനോൻ അവർകളുടെ മക്കളുടേയും രണ്ടാമത്തേതു മരുമക്കളുടേയും വകയാണ്.

'ഒന്നായനിന്നെയിഹ രണ്ടെന്നു കണ്ടളവി-
ലുണ്ടായൊരിണ്ടൽ ബത! മിണ്ടാവതല്ല മമ'

എന്ന ആപ്തവാക്യത്തോടു ഞങ്ങളും പൂർണ്ണമായി യോജിക്കുകയാണ് ചെയ്യുന്നത്. മൂലം മറക്കാതെ രണ്ടുകൂട്ടരും

കത്തൊരുമിച്ചു ഭാഷാഭിവൃദ്ധി ഉണ്ടാക്കുകയും തദ്വാരാ പൂൎവ്വാധികം ദ്രവ്യമാൎജ്ജിക്കുകയും ചെയ്യുന്നതായാൽ ആയതു സജ്ജനങ്ങൾക്കെല്ലാം സന്തോഷപ്രദമായിട്ടുള്ളതാകുന്നു. രണ്ടു പഞ്ചാംഗങ്ങൾക്കും എതാണ്ടൊരു സാമ്യമുണ്ടെങ്കിലും 'കമലാലയ'മാണ് മീതേ നില്ക്കുന്നതെന്ന പരമാൎത്ഥം തുറന്നുപറയുന്നതിൽ ഞങ്ങൾ ഭീരുത്വം പ്രദൎശിപ്പിക്കുന്നില്ല.

൩. കേരളോദയം അച്ചുകൂടം, തൃശ്ശിവപേരൂർ.

മലയാളപരദേശവട്ടങ്ങളുണ്ടാക്കി ഭോക്താക്കളെ കഷ്ടിപ്പിക്കാതെ നല്ലൊരു ഊണിന്റെ വട്ടത്താൽ അതിഥികളെ സന്തുഷ്ടരും സംതൃപ്തരുമാക്കുവാൻ തെല്ലൊരു മനോധൎമ്മം കൂടാതെ കഴിയുന്നതല്ലല്ലൊ. അച്ചടിവേലയിലുള്ള ചിരപരിചയത്താൽ കൎമ്മകൌശല്യം വൎദ്ധിച്ചിരിക്കുന്ന പ്രകൃതമുദ്രാലയത്തിലെ പഞ്ചാംഗത്തിന്റെ മനോഹരത്വം അനന്യസാധാരണമാകുന്നു.

൪. സി പി. നമ്പൂരി ബ്രദേഴ്സ്, തൃശ്ശിവപേരൂർ.

വമ്പന്മാരായ നമ്പൂരിമാർ സമ്പാദ്യം വൎദ്ധിപ്പിക്കുവാൻവേണ്ടി കാട്ടിയതുകാട്ടി കുഴവിന്മേലേറുന്ന സമ്പ്രദായക്കാരല്ല മേല്പറഞ്ഞ നമ്പൂരിബ്രദേഴ്സ്. അവർ സ്വദേശിച്ചരക്കുകളും ഉത്തമങ്ങളായ ആയുൎവ്വേദൌഷധങ്ങളും ഒന്നാംതരം നീലഗിരി ചായയും കോഴിക്കോട്ടുണ്ടാക്കുന്ന സ്വദേശിസോപ്പുകളും പ്രയോജനകരങ്ങളായ മററു പല സാധനങ്ങളും ജനഹിതാൎത്ഥം മിതമായ വിലയ്ക്കു വ്യാപാരം ചെയ്തു കച്ചവടത്തിന്നു പുഷ്ടിയും ജനങ്ങൾക്കു തുഷ്ടിയും വൎദ്ധിപ്പിച്ചുപോരുന്ന ഈ വ്യാപാരികളുടെ പഞ്ചാംഗം കേരളോദയം പഞ്ചാംഗത്തിന്റെ സാഹോദൎയ്യത്തെ അലങ്കരിക്കുന്നുണ്ട്.

൫. എസ്. ജി. പ്രസ്സ്, പറവൂർ.

ഈ പ്രസ്സിന്നു പ്രായം കുറവാണെങ്കിലും പ്രസരിപ്പു കൂടുതലാണ്. സൈന്യങ്ങൾ കുറവായാലും വേണ്ടതി

ല്ല വ്യൂഹം ചമയ്ക്കുന്നതിലാണ് സേനാപതി മിടുക്കു കാട്ടേണ്ടത്. ഈ മുദ്രാലയാദ്ധ്യക്ഷന്റെ മനോധൎമ്മം പ്രശംസനീയംതന്നെ.

ന്യൂ. വി. സുന്ദരയ്യർ ആൻഡ് സൺസ്, തൃശ്ശിവപേരൂർ,
ശാഖ എറണാകുളം.

കച്ചവടതന്ത്രങ്ങളിൽ കണ്ണു തെളിഞ്ഞിട്ടുള്ള കൂട്ടരാണ് വി. സുന്ദരയ്യർ ആൻഡ് സൺസ് എന്ന് ഈ കലണ്ടർ വിളിച്ചുപറയുന്നുണ്ട്. ഇതിലെ ഒരിഞ്ചു സ്ഥലവും അനാവശ്യമായി കളയാതെ സപ്രയോജനങ്ങളാക്കിത്തീൎത്തിരിക്കുന്നതുതന്നെ അതിനൊരു ഉദാഹരണമാണ്. വിശ്വരൂപം ആദ്യത്തെ ഭാഗത്തും ബാലസ്വരൂപം ബാക്കി ഭാഗങ്ങളിലും കാണിച്ചിരിക്കുന്നു. ഈയൊരുമെച്ചം മുകളിൽ പറഞ്ഞ കലണ്ടറുകളിലൊന്നിനുമില്ല.

൧൧൧൧-ലെ
വിനോദിനി പോക്കററ് ഡയറിയും പഞ്ചാംഗവും

ശല്പശില്പ ചവറു വാരിവലിച്ചു ചേൎത്തു ഗാത്രം തടിപ്പിക്കാതെ 'കാൎശ്യമേവ വരം സ്ഥൌല്യാൽ' എന്ന പ്രമാണത്തെ ആസ്പദമാക്കി ഉണ്ടാക്കീട്ടുള്ളതാണ് ഈ ഡയറിയും പഞ്ചാംഗവും. നല്ല കടലാസ്, വിശേഷമാതിരിയിലുള്ള കെട്ട്, പാകത്തിനൊത്തൊരു പെൻസിൽ. വില ആറണമാത്രം.

അവശ്യവിജ്ഞേയങ്ങളായ സംഗതികൾ വിടാതെ നല്ല കടലാസ്സിൽ വൃത്തിയായി അച്ചടിച്ചിട്ടുള്ള ഈ പഞ്ചാംഗംകൊണ്ടും വലിയ പഞ്ചാംഗത്തിന്റെ ഫലം സിദ്ധിക്കാതിരിക്കുന്നതല്ല. വില അരയണ.

മേല്പറഞ്ഞ കച്ചവടക്കാർ സന്തോഷപൂൎവ്വം അയച്ചുതന്ന പ്രസിദ്ധീകരണങ്ങൾ കൃതജ്ഞതയോടെ സ്വീകരിക്കുകയും അവരുടെ അഭ്യുദയാൎത്ഥം അനുനിമിഷം സൎവ്വേശ്വരിയെ പ്രാൎത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.